NERVEEDHI

Volume - 14, Issue - 7, 10th July 2025, Monthly, Price ₹ 25, Published at Kottayam

വാല്യം - 14, ലക്കം - 7, ജൂലായ് 2025 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## തേൻകൂടിലെ തേൻതുള്ളികൾ

പേജ് 7

Editorial

# ആത്മബന്ധത്തിലുള്ള ഭാഷണം

എന്താണ് ആത്മബന്ധത്തിലുള്ള പ്രാർത്ഥന? നിരീശ്വരവാദികളൊഴികെ ജാതിമത ഭേദമെന്യേ നല്ലപങ്കാളുകളും ആത്മസംതൃപ്തിക്കായും കാര്യസാധ്യങ്ങൾക്കായും ഭക്തി പൂർവ്വം പ്രാർത്ഥിക്കാറുണ്ട്. ഓരോ മതസ്ഥരുടെയും പ്രാർത്ഥനാലയങ്ങളും പ്രാർത്ഥനാ രീതികളും അവർ ഉരുവിടുന്ന പ്രാർത്ഥനകളും എല്ലാം ഒന്നിനൊന്നു വ്യത്യസ്തവുമാണ്. പ്രാർത്ഥനയെ ഒരു കടമ മാത്രമായി കണ്ടുകൊണ്ടു ചിലർ പ്രാർത്ഥിക്കുന്നു. പരപ്രേരണയാൽ മാത്രം മറ്റുചിലർ പ്രാർത്ഥിക്കുന്നു. വേറെ ചിലരാകട്ടെ ദുരന്തങ്ങളോ പ്രതിസന്ധികളോ നേരിടുമ്പോൾ മാത്രമേ പ്രാർത്ഥനയിലേക്കു തിരിയാറുള്ളൂ. അടുത്ത പ്രതിസന്ധി വരുന്നതുവരെ അവർക്ക് ഇടവേളയാണ്. ആവശ്യങ്ങളിൽ ദൈവത്തിൽ നിന്ന് സഹായം നേടാനുള്ള ഒരു ശ്രമം മാത്രമായി പ്രാർത്ഥനയെ കാണരുത്. ജീവന്റെ ഉറവിടമായ ദൈവത്തെ അറിയാനും അനുഭവിക്കുവാനുമുള്ള ആഗ്രഹമായിരിക്കണം പ്രാർത്ഥിക്കുന്ന വ്യക്തിക്കുണ്ടായിരിക്കേണ്ടത്. പ്രാർത്ഥനയുടെ യഥാർത്ഥ ആത്മാവ് എപ്പോഴും ഭൗതികമായ അനുഗ്രഹങ്ങൾ ചോദിക്കുവാൻ മാത്രം നമ്മെ പ്രേരിപ്പിക്കുന്നതല്ല, മറിച്ച് എല്ലാ അനുഗ്രഹങ്ങളും നൽകുന്ന ദൈവത്തെ അനുഭവിച്ചറിയുന്ന ആത്മബന്ധത്തിന്റെയും കൂട്ടായ്മയുടെയും ജീവിതം നയിക്കുവാൻ നമ്മെ ഉത്തേജിപ്പിക്കുന്നതാണ്.

തങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമെന്നാവശ്യപ്പെട്ട ശിഷ്യന്മാർക്ക് യേശു നൽകിയ ഒരു മാതൃകാപ്രാർത്ഥനയാണ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...'എന്ന് തുടങ്ങുന്ന വചനഭാഗം. 'ഇവ്വണ്ണം പ്രാർത്ഥിപ്പിൻ' എന്ന് യേശുകർത്താവ് പറയുമ്പോൾ ഇങ്ങനെതന്നെ പ്രാർത്ഥിക്കണം എന്നല്ല അർത്ഥം. ദൈവത്തെ പിതാവായി കാണണം എന്ന ശക്തമായ കാഴ്ചപ്പാടാണ് യേശു നൽകുന്നത്. ദൈവം നമ്മുടെ പിതാവാണെന്ന ബോധ്യത്തിൽ നിന്ന് എത്ര ആശ്വാസവും ധൈര്യവും പ്രത്യാശയുമാണ് നമുക്ക് ലഭിക്കുന്നത്. ദൈവേഷ്ടം സ്വർഗ്ഗത്തിലെങ്ങനെയോ അങ്ങനെതന്നെ നമ്മുടെ ജീവിതത്തിലും നിവൃത്തിയാകേണ്ടതിനു നമ്മെ സമ്പൂർണ്ണമായി സമർപ്പിക്കണം. മറ്റുള്ളവരോട് ക്ഷമിക്കാത്ത ഒരു വ്യക്തിക്ക്, ദൈവം തന്നോട് ക്ഷമിക്കണം എന്നു പ്രാർത്ഥിക്കുവാൻ അർഹതയില്ല. അഥവാ അങ്ങനെ പ്രാർത്ഥിച്ചാൽ അത് വലിയ അപകടവുമാണ്. സകല മാനവും മഹത്വവും സ്തുതിയും സ്തോത്രവും പുകഴ്ചയും നമ്മുടെ പെസഹാക്കുഞ്ഞാടായി അറുക്കപ്പെട്ട യേശുകർത്താവിനു മാത്രമാണ് അർപ്പിക്കേണ്ടത്. അതായത്, കർത്താവു മാത്രമാണ് യോഗ്യൻ എന്നർത്ഥം. പ്രാർത്ഥനയ്ക്ക് ഊന്നൽ നൽകുന്നതാണ് ഈ ലക്കത്തിലെ സന്ദേശം.

സന്ദേശം ഉൾപ്പെടെ, എല്ലാ തുടർലേഖനങ്ങളും നമ്മുടെ ആത്മീയ കാഴ്ചപ്പാട് വർധിപ്പിക്കുവാൻ ഉതകുന്നവയാണ്. ക്രിസ്തുവിലേയ്ക്ക് നമ്മുടെ വേരുകൾ ആഴത്തിലിറങ്ങിച്ചെല്ലട്ടെ. ക്രിസ്തുവെന്ന അടിസ്ഥാനത്തിന്മേൽ നമ്മുടെ ജീവിതം പണിതുയർത്തുവാൻ എല്ലാ ലേഖനങ്ങളും അപഗ്രഥിച്ചു പഠിച്ച്, നിശ്ചയം പ്രാപിക്കണമെന്ന് ഓരോ വായനക്കാരോടും അപേക്ഷിച്ചുകൊണ്ട് ജൂലൈ ലക്കം മാസിക സമർപ്പിച്ചു കൊള്ളുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പുസ്തകം 14 ലക്കം 7
ജൂലായ് 2025

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബൂ ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**പ്രാർത്ഥന ഫലിക്കും** 4
ജോയ് എം. തോമസ്

**തേൻകൂടിലെ തേൻതുള്ളികൾ** 7
സാജു മാത്യു

**അപൂർണ്ണ യാഗങ്ങളും പൂർണ്ണ യാഗവും** 9
ചെയ്സ് ജോസഫ്

**കടഭാരം വലയ്ക്കുന്നുവോ?** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ഇപ്പോൾ നിങ്ങൾ ആത്മീയരാണോ?** 14
വാച്ച്മാൻ നീ

**കൗൺസലിംഗ് വീഥി** 16
**ഡോ. സജികുമാർ കെ. പി.**

**ആത്മാവിനാൽ ജഡത്തെ എങ്ങനെ നിയന്ത്രിക്കാം** 18
ഡോ. സുജിത്ത് സൈമൺ

**വേണ്ട, ഞാൻ വ്യത്യസ്തനാണ്!** 21
ഡേവിഡ് വിൽക്കേഴ്സൺ

**വേദ അധ്യയനം** 23
ജോയ് എം. തോമസ്

**വനിതാ വീഥി** 26
സുജ വിനു

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# പ്രാർത്ഥന ഫലിക്കും

**പ്രാ**ർത്ഥനയുടെ സാധ്യതകളെക്കുറിച്ച് നാം ഇന്ന് കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ട്. പ്രാർത്ഥനാപ്രോഗ്രാമുകൾ ധാരാളം നടക്കുന്നുണ്ടെങ്കിലും ആത്മാർത്ഥതയോടും വിശ്വാസത്തോടും പ്രാർത്ഥിക്കുന്നവർ കുറയുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നാം മറ്റുള്ളവരിലേക്ക് നോക്കേണ്ട; നമ്മിലേക്ക് തന്നെ നോക്കാം.

നമ്മെ പ്രാർത്ഥനാജീവിതത്തിൽ നിലനിർത്തുവാൻ ദൈവം ആഗ്രഹിക്കുന്നതുകൊണ്ടുതന്നെയാണ് കഷ്ടതകൾ ജീവിതത്തിൽ അനുവദിക്കുന്നത്. കഷ്ടതയിൽ ആകുമ്പോൾ ആണ് നാം വാസ്തവത്തിൽ ഉള്ളിൽ നിന്നും ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നത് എന്നതിന് സംശയമില്ല. 'നിങ്ങളിൽ കഷ്ടം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ' (യാക്കോബ് 5:13) എന്ന് പരിശുദ്ധാത്മാവ് നമ്മെ പ്രബോധിപ്പിക്കുമ്പോൾ അതിന്റെ രണ്ടുവശങ്ങളും അർത്ഥം ആക്കുന്നുണ്ട്. ഒന്നാമതായി കഷ്ടതകൾക്കുള്ള പരിഹാരം പ്രാർത്ഥന മാത്രമാണ്. രണ്ടാമതായി പ്രാർത്ഥനയിൽ നമ്മെ യഥാസ്ഥാനപ്പെടുത്തുവാനാണ് കഷ്ടത അനുവദിക്കുന്നത്. അതുകൊണ്ട് പ്രാർത്ഥിക്കുക, ഇടവിടാതെ പ്രാർത്ഥിക്കുക, മടുത്തുപോകാതെ പ്രാർത്ഥിക്കുക!

പ്രാർത്ഥനയുടെ സാധ്യതകളെക്കുറിച്ച് യാക്കോബ് നമ്മെ ബോധവൽക്കരിക്കുന്നത് ശ്രദ്ധിക്കുക: 'എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ, നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു'(യാക്കോബ് 5:16). പ്രാർത്ഥനയുടെ സാധ്യതകളെ വളരെ വലുതാണ്. വളരെ ഫലിക്കുന്നു എന്ന പ്രയോഗം എത്ര അർത്ഥമുള്ളതാണ്. ചികിത്സ ഫലിക്കാതെ വരാം, നമ്മുടെ പ്രയത്നങ്ങൾ ഫലിക്കാതെ വരാം, എന്നാൽ പ്രാർത്ഥന ഫലിക്കാതെ വരില്ല. കാരണം നാം പ്രാർത്ഥിക്കുന്നത് സർവ്വശക്തനായ ദൈവത്തോടാണ്. അവിടുത്തേക്ക് അസാധ്യം ഒന്നുമില്ല എന്നതിനാൽ പ്രാർത്ഥന ഫലിക്കും എന്നത് ഉറപ്പാണ്.

**ചികിത്സ ഫലിക്കാതെ വരാം, നമ്മുടെ പ്രയത്നങ്ങൾ ഫലിാതെ വരാം, എന്നാൽ പ്രാർത്ഥന ഫലിക്കാതെ വരില്ല. കാരണം നാം പ്രാർത്ഥിക്കുന്നത് സർവ്വശക്തനായ ദൈവത്തോടാണ്. അവിടുത്തേക്ക് അസാധ്യം ഒന്നുമില്ല എന്നതിനാൽ പ്രാർത്ഥന ഫലിക്കും എന്നത് ഉറപ്പാണ്.**

ആരുടെ പ്രാർത്ഥനയാണ് ഫലിക്കുന്നത്? നീതിമാന്റെ പ്രാർത്ഥന! എങ്ങനെയുള്ള പ്രാർത്ഥനയാണ് ഫലിക്കുന്നത്? ശ്രദ്ധയോടുകൂടിയ പ്രാർത്ഥന! ഈ സത്യങ്ങളെ നാം അവഗണിക്കുവാൻ പാടില്ല. ദൈവത്തിന് മുമ്പിൽ നേരെനിൽക്കാൻ കഴിയുന്നവനാണ് നീതിമാൻ. അതായത് പാപങ്ങൾ ഏറ്റുപറഞ്ഞ് പാപക്ഷമ പ്രാപിച്ചവൻ, യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവൻ. 'എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പീൻ എന്ന പ്രബോധനം പരിശുദ്ധാത്മാവ് നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക. പ്രാർത്ഥന ഫലിക്കണം എങ്കിൽ പ്രാർത്ഥനയ്ക്ക് മുമ്പ് പാപങ്ങൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കണം. അന്യോന്യം ഏറ്റുപറയേണ്ട പാപങ്ങൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കണം. അന്യോന്യം അനുഗ്രഹിക്കണം. അന്യോന്യം ഐക്യത വീണ്ടെടുത്ത് പ്രാർത്ഥിക്കണം. ഇപ്രകാരം ചെയ്യുന്നവരെ ദൈവം നീതീകരിക്കുന്നതിനാൽ നീതിമാൻ എന്ന പേര് അവർക്ക് അന്വർത്ഥമാണ്. ദൈവം നീതിമാന്റെ പ്രാർത്ഥന കേൾക്കുന്നു.

ശ്രദ്ധയോടുകൂടി പ്രാർത്ഥിക്കണം എന്നതും പരമപ്രധാനമായ കാര്യമാണ്. ആത്മാർത്ഥതയോടെ പ്രാർത്ഥിക്കണം എന്നാണ് അർത്ഥം. കപടഭക്തിയിൽ നിന്നുള്ള പ്രാർത്ഥനകൾ ഫലിക്കുന്നില്ല. ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുമ്പോൾ അതിൽ ഏകാഗ്രതയും വിശ്വാസവും അടങ്ങിയിട്ടുണ്ട്. ഏകാഗ്രത ഇല്ലാത്ത പ്രാർത്ഥന വെറും ജല്പനം മാത്രമാണ്. പ്രാർത്ഥനയ്ക്ക് ദൈവത്തോട് ശരിയായ ബന്ധം അനിവാര്യമാണ്. നാം ദൈവത്തോടാണ് പ്രാർത്ഥിക്കുന്നത് എന്നുള്ള ഗൗരവബോധം നമുക്കുണ്ടായിരിക്കണം. അപ്പോൾ പ്രാർത്ഥനയ്ക്ക് ഏകാഗ്രത ഉണ്ടായിരിക്കും.

ഫലകരമായ പ്രാർത്ഥനയിൽ ഏകാഗ്രതയോടൊപ്പം വിശ്വാസവും വ്യാപരിക്കുന്നു. 'എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും, കർത്താവ് അവനെ എഴുന്നേൽപ്പിക്കും, അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും' (യാക്കോബ് 5:15). പ്രാർത്ഥനയ്ക്ക് വിശ്വാസം അനിവാര്യഘടകമാണ്. 'അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെ ലഭിച്ചു എന്ന് വിശ്വസിപ്പിൻ' (മർക്കോസ് 11 :24) എന്ന് നമ്മുടെ കർത്താവ് കല്പിച്ചിരിക്കുന്നു. ദൈവത്തോട് നാം യാചിക്കുന്നത് എല്ലാം ലഭിച്ചു എന്ന് വിശ്വസിക്കണം. അത് ദൈവത്തിലുള്ള നമ്മുടെ വിശ്വാസമാണ്. എത്ര പ്രയാസമേറിയ വിഷയം ആണെങ്കിലും ദൈവത്തിന് അത് പ്രയാസമല്ല എന്ന ബോധ്യം നമ്മിലുണ്ടായിരിക്കണം. ആ വിശ്വാസത്തോടെയാണ് പ്രാർത്ഥിക്കേണ്ടത്. നമ്മുടെ വിഷയങ്ങൾ എല്ലാം ദൈവത്തിനു വിട്ടുകൊടുത്ത് അവിടത്തെ ഹിതം ആ വിഷയത്തിൽ എന്തോ, അത് നടക്കുന്നതിനാണ് ദൈവത്തിൽ പൂർണ്ണ വിശ്വാസം അർപ്പിച്ച് പ്രാർത്ഥിക്കുന്നത്. നാം ദൈവികജ്ഞാനത്തിന്റെ തികവിലും അവിടത്തെ ഹിതത്തിന്റെ പൂർണ്ണതയിലും വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് ദൈവഹിതം നാം പ്രാർത്ഥിക്കുന്ന വിഷയത്തിൽ നിറവേറുന്നതാണ് പ്രാർത്ഥനയുടെ യഥാർത്ഥ മറുപടി.

നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന എത്രമാത്രം ഫലിക്കുന്നു എന്നതിന് നല്ല ഉദാഹരണമാണ് ഏലീയാവിന്റെ പ്രാർത്ഥനയും മറുപടിയും. ദൈവഹിതത്തിനു സമർപ്പിച്ച് ദൈവത്തോട് ചേർന്നുനിന്ന നീതിമാനായിരുന്നു ഏലിയാവ്. താൻ ചെയ്ത ഏറ്റവും വലിയ ശുശ്രൂഷ പ്രാർത്ഥന ആയിരുന്നു. ഏലിയാവ് അസാമാന്യനായ മനുഷ്യൻ ആയിരുന്നില്ല, നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു. പ്രാർത്ഥിക്കുന്ന ഒരു സാധാരണ മനുഷ്യനെക്കൊണ്ട് അസാധാരണ കാര്യങ്ങൾ ചെയ്യിക്കുവാൻ ദൈവം ശക്തനാണെന്ന സത്യം ഏലിയാവിന്റെ ജീവിതത്തിൽ നിന്നും നമുക്ക് പഠിക്കാം.

ഏലിയാവിന്റെ പ്രാർത്ഥനയുടെ പ്രധാനലക്ഷ്യം പിന്മാറ്റത്തിൽ പോയ ദൈവജനത്തിന്റെ മടങ്ങി വരവായിരുന്നു. അന്നത്തെ ഇസ്രായേൽ ജനത്തെപ്പോലെ ഇന്നത്തെ ക്രിസ്ത്യാനികളും പിന്മാറ്റത്തിലാണ്. ആത്മീയതയിൽ വല്ലാത്ത അധഃപതനം സംഭവിച്ചിരിക്കുന്നു. ഏലിയാവിനെ പോലെ പ്രാർത്ഥിക്കുന്ന ആത്മികർ ഇന്നത്തെ ഏറ്റവും വലിയ ആവശ്യമാണ്. ഇത് ഒരു വെല്ലുവിളിയായി നമുക്കോരോരുത്തർക്കും സ്വീകരിക്കാം.

നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. ഏലീയാവിന്റെ പ്രാർത്ഥന ഫലിച്ചു. മഴ പെയ്യാതിരിക്കുവാൻ പ്രാർത്ഥിച്ചു. മൂന്നുവർഷവും ആറുമാസവും ദേശത്ത് മഴ പെയ്തില്ല. ജനം വല്ലാതെ വലഞ്ഞപ്പോൾ ദൈവത്തിങ്കലേക്ക് നോക്കുവാൻ അവർ തയ്യാറായി. ദൈവം അനുവദിക്കുന്ന അനുകൂലസാഹചര്യങ്ങൾ പലപ്പോഴും പ്രതികൂലമായിട്ടാണ് നമുക്ക്

അനുഭവപ്പെടുന്നത് എന്ന് സ്വയശോധന ചെയ്താൽ തിരിച്ചറിയാൻ കഴിയും. കഷ്ടതകൾ വരുമ്പോൾ ആണ് നാമും ദൈവത്തോട് അടുത്ത് ചെല്ലുന്നത്. കർത്താവിനോട് കൂടുതൽ അടുക്കുവാൻ കഴിയുന്ന അനുകൂലസാഹചര്യം നാം നേരിടുന്ന പ്രതികൂലങ്ങൾ ആണെന്നുള്ളത് ഒരു വാസ്തവം! അതുകൊണ്ട് യാക്കോബ് നമ്മെ പ്രബോധിപ്പിക്കുന്നു: 'നിങ്ങളിൽ കഷ്ടം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ'.

കർമ്മേൽ പർവ്വതത്തിൽ ആഹാബ് രാജാവും ജനവും ഒരുമിച്ചു കൂടിവന്നത് പ്രതികൂല സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ ആയിരുന്നു. കൂടിവന്ന ജനത്തോട് ഏലിയാവ് സംസാരിച്ചു. യഹോവ മാത്രമാണ് ജീവനുള്ള ദൈവം എന്ന് അവരെ ബോധ്യപ്പെടുത്തുവാൻ ഏലിയാവ് ആഗ്രഹിച്ചു. തീ കൊണ്ട് ഉത്തരം അരുളുന്ന ദൈവം ജീവനുള്ള ദൈവം എന്ന വ്യവസ്ഥ വച്ച് ബാലിന്റെ പ്രവാചകന്മാർക്ക് ആദ്യം യാഗം കഴിക്കുവാൻ അവസരം കൊടുത്തു. ജീവനുള്ള ദൈവത്തിന്റെ ദാസനായ ഏലിയാവ് പ്രാർത്ഥനയോടെ അവിടെ നിന്നതുകൊണ്ട്, ബാലിന്റേമേൽ വ്യാപരിച്ച പിശാചിന് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല, പ്രാർത്ഥനയുടെ ശക്തി! പ്രാർത്ഥിക്കുന്ന ദൈവമക്കൾക്ക് ഒരു അന്ധകാരശക്തിയെയും ഭയപ്പെടേണ്ടതില്ല. ഏലിയാവ് യാഗം അർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ തീ ഇറങ്ങി. 'യഹോവ തന്നെ ദൈവം' എന്ന് ജനം ആർത്തു! പ്രാർത്ഥിക്കുന്ന ദൈവമക്കളേ, നമ്മിലൂടെ ജീവനുള്ള സത്യദൈവം ദേശത്ത് വെളിപ്പെടും!

മൂന്നര വർഷങ്ങൾക്കു ശേഷം മഴ പെയ്യുവാൻ ഏലിയാവ് വീണ്ടും പ്രാർത്ഥിച്ചു, അപ്പോൾ മഴപെയ്തു. നീതിമാന്റെ പ്രാർത്ഥന വളരെ ഫലിക്കുന്നു എന്നതിന് നല്ല ഉദാഹരണം. നമ്മുടെ ആത്മാർത്ഥമായ പ്രാർത്ഥന വ്യർത്ഥമല്ല. എനിക്ക് പ്രാർത്ഥിക്കുവാനേ കഴിയുകയുള്ളൂ എന്നു നിരാശയോടെ പറയരുത്. പ്രാർത്ഥിക്കുവാൻ കഴിയുക എന്നതാണ് നമുക്ക് കഴിയുന്ന ഏറ്റവും വലിയ കാര്യം. പ്രാർത്ഥനയുടെ സാധ്യത വളരെ വലുതാണ്. പ്രാർത്ഥിക്കുന്നവർക്ക് അതിന്റെ ഫലം കാണുവാൻ കഴിയും. നമ്മുടെ പ്രാർത്ഥനാ ജീവിതം യാന്ത്രികമായി തീർന്നുവോ? പ്രാർത്ഥനയിൽ മടുത്തുപോയ അവസ്ഥയാണോ? അത് മാറ്റിയെടുക്കണം. ശ്രദ്ധയോടുകൂടിയ, അതായത് ആത്മാർത്ഥമായ പ്രാർത്ഥനാജീവിതത്തിലേക്ക് മടങ്ങിവരാം. സർവ്വകൃപാലുവായ ദൈവം അതിന് നമ്മെ സഹായിക്കട്ടെ •

## പ്രാർത്ഥനയിലെ ഏകാഗ്രത

ഏകാഗ്രതയോടെ പ്രാർത്ഥിക്കണമെന്ന് നമുക്കറിയാം. പലരും അതിനു ശ്രമിക്കാറുമുണ്ട്. പക്ഷേ പ്രാർത്ഥിക്കുമ്പോൾ മാർത്തയെപ്പോലെ പലതിനെച്ചൊല്ലി മനം കലങ്ങിയും വിചാരപ്പെട്ടും പോകുന്നു. പ്രാർത്ഥന നമ്മുടെ ഏറ്റവും വലിയ ഉത്തരവാദിത്തങ്ങളിൽ ഒന്നായിട്ട് എണ്ണുക. ദൈവപുത്രനായ യേശു, പ്രാർത്ഥനയെ തന്റെ ജീവിതത്തിന്റെ ഒരു പ്രധാന സംഗതിയായി കണ്ടെങ്കിൽ, നാമും അങ്ങനെ ചെയ്യേണ്ടതല്ലേ? പ്രാർത്ഥിക്കുമ്പോൾ ഏകാഗ്രത നിലനിർത്താൻ എങ്ങനെ കഴിയും? ആരോടാണ് പ്രാർത്ഥിക്കുന്നതെന്ന ബോധ്യം മനസ്സിലുറപ്പിക്കുക. പ്രാർത്ഥിക്കുന്നത് പ്രപഞ്ചസൃഷ്ടാവും സർവശക്തനും മഹത്വവുമുള്ള ദൈവവുമായ നമ്മുടെ പിതാവിനോടാണ് എന്നുള്ള തിരിച്ചറിവ് പ്രധാനമാണ്. നമ്മെക്കാൾ ഉന്നതരായ വ്യക്തികളോട് സംസാരിക്കാൻ അവസരം ലഭിച്ചാൽ ആരെങ്കിലും ഒരു നിമിഷമെങ്കിലും ഉറങ്ങിപ്പോകുമോ? മനസ്സ് അലഞ്ഞുതിരിയാൻ അനുവദിക്കുമോ? ദൈവം അവരിലും എത്രയോ വലിയവനാണ്! അവിടുന്ന് മാത്രമാണ് വിശുദ്ധിയിൽ മഹത്വമുള്ളവനും ഭയപ്പെടുവാൻ യോഗ്യനും. ക്രിസ്തു നിമിത്തം ദൈവപിതാവിന്റെ അടുക്കലേക്ക് പ്രവേശനം ലഭിച്ചു എന്ന ചിന്ത പ്രാർത്ഥനയെ ഏകാഗ്രമാക്കും. ദൈവത്തെ സ്തുതിക്കുന്നതിനും തന്റെ നന്മയ്ക്ക് നന്ദി പറയുന്നതിനും, പ്രാർത്ഥിക്കുമ്പോൾ സമയം കണ്ടെത്തുക. നമുക്കു വേണ്ടി മരിക്കാൻ തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ച ദൈവസ്നേഹത്തിനു നന്ദിപറഞ്ഞുകൊണ്ട് പ്രാർത്ഥന ആരംഭിക്കുക. നന്ദിയുള്ളവർ തങ്ങൾക്കുള്ളതിൽ എപ്പോഴും സംതൃപ്തരായിരിക്കും. നിർഭാഗ്യവശാൽ പലരും ദൈവസന്നിധിയിലേക്ക് വരുന്നത്, ദൈവം തങ്ങൾക്ക് ചെയ്യണമെന്ന് തങ്ങളാഗ്രഹിക്കുന്ന ഭൗതികകാര്യങ്ങളുടെ ഒരു പട്ടികയുമായാണ്. ഇത്തരം ഭൗതികചിന്തകൾ ഏകാഗ്രതയെ ഹനിക്കുന്നവയാണ്.



സാജു മാത്യു

# തേൻകൂടിലെ തേൻതുള്ളികൾ

***"എന്റെ സഹോദരീ, എന്റെ കാന്തേ, നിന്റെ പ്രേമം എത്ര മനോഹരം! വീഞ്ഞിനേക്കാൾ നിന്റെ പ്രേമവും സകലവിധ സുഗന്ധവർഗ്ഗത്തെക്കാൾ നിന്റെ തൈലത്തിന്റെ പരിമളവും എത്ര രസകരം!" (ഉത്തമഗീതം 4: 10).***

പഴയനിയമത്തിൽ ശലോമോന്റെ ഉത്തമഗീതം പോലെ വ്യത്യസ്തമായി വാഖ്യാനിക്കപ്പെട്ട ഒരു പുസ്തകമുണ്ടോ എന്നു സംശയമാണ്. എങ്കിലും പൊതുവെ സുവിശേഷവിഹിതർ അതിനെ ഒരു വിശ്വാസിക്കു ക്രിസ്തുവിനോടും ക്രിസ്തുവിനു സഭയോടുമുള്ള സ്നേഹത്തെ വിവരിക്കാനാണു ഉപയോഗിക്കുന്നത്. 'ശൂലേമി' എന്നു വിളിക്കുന്ന ഒരു ഗ്രാമീണ പെൺകുട്ടിയാണ് ഇതിലെ നായിക. 'പ്രിയൻ' എന്നു ശൂലേമി വിളിക്കുന്ന ഒരു ഇടയച്ചെറുക്കനാണ് നായകൻ... കാര്യങ്ങൾ ഇത്രയേ ഉള്ളായിരുന്നു എങ്കിൽ വ്യാഖ്യാനം അത്ര ദുഷ്കരമാകുമായിരുന്നില്ല. എന്നാൽ മറ്റൊരു കഥാപാത്രം കൂടെ ഇക്കഥയിൽ കടന്നുകൂടുന്നുണ്ട് - ശലോമോൻ രാജാവ്. അവിടെയാണ് വ്യാഖ്യാതാക്കൾ കുഴയുന്നത്.

ഇതൊരു 'സംഭാഷണ കാവ്യ'മാണ്– നാടകംപോലെ. എന്നാൽ ഓരോ സംഭാഷണശകലങ്ങളും ആരാണു പറഞ്ഞിട്ടുള്ളത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തത് വ്യാഖ്യാതാക്കളെ പിന്നെയും കുഴയ്ക്കുന്നു... ഏതാണ്പ്രിയന്റെ വാക്കുകൾ? ഏതാണ് പ്രിയതമയുടെ വാക്കുകൾ? ഏതാണ് ശലോമോൻരാജാവിന്റെ വാക്കുകൾ? ശലോമോൻരാജാവും ഇടയച്ചെറുക്കനായ 'പ്രിയനും' ഒരാൾ തന്നെയാണോ? ആണെന്നും, അല്ലെന്നും ചിന്തിക്കുന്നവരുണ്ട്. എന്നാൽ ഈ ഉത്തമകാവ്യത്തിലെ പല ഭാഗങ്ങളും അതിനോട് യോജിക്കുന്നില്ല. അതിനാൽ നാം പിന്തുടരുന്നത് മറ്റൊരു വ്യാഖ്യാന രീതിയാണ്!

ഗ്രമീണ കന്യകയായ ശൂലേമിയും ഇടയച്ചെറുക്കനായ 'പ്രിയനും' വിവാഹനിശ്ചയം കഴിഞ്ഞവരും അനുരാഗബന്ധിതരുമാണ്. ശലോ മോൻരാജാവ് ഈ കന്യകയെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ ശലോമോന് അവളുടെ ശരീരം മാത്രം പോരാ... ഹൃദയാന്തർഭാഗത്തു നിന്നുള്ള പ്രേമവും വേണം. കന്യകയാകട്ടെ അവളുടെ പ്രിയനോടുള്ള അനുരാഗത്തിൽ ഉറച്ചുനില്ക്കുന്നു ശലോമോന്റെ യാതൊരു പ്രലോഭനങ്ങൾക്കും പ്രിയനോടുള്ള അവളുടെ അനുരാഗത്തിൻ നിന്ന് അവളെ അണുവിട വ്യതിചലിപ്പിക്കുവാൻ കഴിയുന്നില്ല. ***ഉത്തമഗീതം നാലാം അധ്യായത്തിൽ*** ഇതിനു സമാനമായ സാഹചര്യമാണുള്ളത്... അതിനാൽ സമാനമായ ഒരു വ്യാഖ്യാനവുമാണ് ഇവിടെ ആവശ്യമായിരി ക്കുന്നത്. ഇവിടെ, ആദ്യത്തെ ഏഴു വാക്യങ്ങൾ ശൂലേമിയുടെ പ്രിയന്റെ വാക്കുകളല്ല; പ്രത്യുത പ്രിയനോടുള്ള ശൂലേമിയുടെ പ്രണയത്തെ കവർന്നെടുക്കാൻ കൊതിക്കുന്ന ശലോമോന്റെ വാക്കുകളായി വേണം മനസ്സിലാ ക്കാൻ! അതിന്റെ ഒന്നാമത്തെ കാരണം, ശലോമോൻ ഇവിടെ ശൂലേമിയെ വിളിക്കുന്ന 'പ്രിയേ' (മൈ ലൗവ്) എന്ന പ്രയോഗത്തിന് പെൺകൂട്ടി (ഫീമെയിൽ അസ്സോസിയേറ്റ്) എന്ന അർത്ഥമേയുള്ളു. എന്നാൽ ശൂലേമിയുടെ പ്രിയൻ അവളെ വിളിക്കുന്നത് 'കാന്തേ' (ബ്രൈഡ്, സ്പൗസ്) എന്നാണ്

(ഉത്തമഗീതം 4: 8). പ്രിയന്റെ സംഭാഷണമായി മനസ്സിലാക്കേണ്ട ഉത്തമഗീതം 4: 8–15 വരെ വാക്യങ്ങളിൽ 'കാന്ത' എന്ന വാക്ക് ആറുപ്രാവശ്യം ഉപയോഗി ക്കുന്നുണ്ട് !

ശലോമോന്റെയും 'കാന്ത'ന്റെയും സംഭാഷണത്തിലെ വ്യത്യസ്തത മറ്റൊരു രീതിയിലും തിരിച്ചറിയാം. 1–7 വരെ വാക്യങ്ങളിൽ ശലോമോൻ ശൂലേമിയുടെ 'ശരീര വർണ്ണന' മാത്രമാണു നടത്തുന്നത്! അവളുടെ കണ്ണ്, തലമുടി, പല്ല്, അധരം, ചെന്നികൾ, കഴുത്ത്, സ്തനങ്ങൾ, എന്നു തന്നെയല്ല, ശലോമോൻ ശൂലേമിയെ കാണുന്നത് അവളുടെ മൂടുപടത്തിന്റെ മറവിലാണുതാനും. രാജാവിന്റെ മുമ്പിൽ മൂടുപടം മാറ്റാൻ അവൾ തയ്യാറാവുന്നില്ല. അവൾ അവളെത്തന്നെ തുറന്നു കാട്ടുന്നത് അവളുടെ പ്രിയന്റെ മുമ്പിൽ മാത്രം. വെറുതെയാണോ, ശൂലേമിയുടെ പ്രിയൻ അവന്റെ കാന്തയപ്പറ്റി 'എന്റെ കാന്ത, കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, മുദ്രയിട്ടിരിക്കുന്ന ഒരു കിണറ്' എന്നുപറയുന്നത്? ഒരു വിശ്വാസി, ലോകത്തിന് ആസ്വദിക്കാൻ വേണ്ടി തന്നെത്തന്നെ അനാവൃതമാക്കുകയില്ല! എന്റെ പ്രേമം എന്റെ പ്രിയനുവേണ്ടി മാത്രമുള്ളത്... വേറെ ആരും അതു കവരുകയില്ല. ലോകത്തിന് ഒരു വിശ്വാസിയെ മാറി നിന്നു നോക്കുവാനേ കഴിയൂ.... പിന്നെ വേണമെങ്കിൽ മാറിനിന്ന് അത്ഭുതം കൂറി പറയാം 'കൂട്ടുകാരീ നീ സർവ്വാംഗസുന്ദരി .... നിന്നിൽ യാതൊരു ഊനവുമില്ല'.

ലോകം സഭയെ നോക്കി പറയുന്നതു ഇതൊക്കെത്തന്നെ... അത്ഭുതമായിരിക്കുന്നു നിങ്ങളുടെ ഇടപെടലുകൾ, കൂട്ടായ്മ, സ്നേഹം .... കൂട്ടുകൂടാമോ എന്നോട്? എന്നാൽ സഭയ്ക്ക് ലോകത്തോടുകൂട്ടൊന്നുമില്ല. ശലോമോൻ ശുലേമിയെ 'കൂട്ടുകാരി' (പ്രിയ) എന്നു വിളിക്കുന്നുണ്ട്. എന്നാൽ ശൂലേമിക്ക് ശലോമോൻ ഒരിക്കലും 'കൂട്ടുകാരനല്ല'! പ്രിയനോടുള്ള തന്റെ അനുരാഗത്തെ വഴിതെറ്റിക്കാൻ കുറുക്കുവഴികളുപയോഗിക്കുന്ന ഒരു വില്ലനാണ് ശൂലേമിക്ക് ശലോമോൻ! ക്രിസ്തുവും സഭയും തമ്മിലുള്ള പ്രണയകഥയിലെ വില്ലൻ കഥാപാത്രമാണ് യഥാർഥത്തിൽ ലോകം! ക്രിസ്തുവിനോടുള്ള നമ്മുടെ ഏകാഗ്രതയെയും നിർമ്മലതയെയും വഴിതെറ്റിക്കാൻ പ്രലോഭനങ്ങളുമായി പുറകെ നടക്കുന്ന വില്ലൻ! (2 കൊരിന്ത്യർ. 11:2–3)

8–ാം വാക്യം മുതൽ ശൂലേമിയുടെ കാന്തൻ അവളെപ്പറ്റി സംസാരിക്കുന്നത് ശലോമോന്റെ വർണ്ണനയെക്കാൾ തികച്ചും വ്യത്യസ്തമാണ്! ഒന്നാമത് കാന്തൻ ശൂലേമി യുടെ ശരീര സൗന്ദര്യത്തെയല്ല, പ്രത്യുത,അവളെത്തന്നെയാണ് കാംക്ഷിക്കുന്നത്! 'കാന്തേ, ലബാനോനെ വിട്ട് എന്നോടുകൂടെ വരിക... അമാനാമുകളും, ശെനീർ, ഹെർമോൻ കൊടുമുടികളും സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവ്വതങ്ങളും വിട്ടുപോരുക.

കാന്തൻ വിവരിക്കുന്നത് ശൂലേമിയുടെ ശരീരത്തെയല്ല പ്രേമത്തെയാണ്! 'നിന്റെ പ്രേമം എത്ര മനോഹരം! വീഞ്ഞിനേക്കാൾ നിന്റെ പ്രേമവും സകലവിധ സുഗന്ധത്തെക്കാൾ നിന്റെ തൈലത്തിന്റെ പരിമളവും എത്ര രസകരം'!

'നീ എന്റെ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു' എന്ന് കാന്തൻ ശൂലേമിയോട് രണ്ടു പ്രാവശ്യം പറയുന്നു. എങ്ങനെ? ശലോമോന്റെ കാര്യത്തിലെന്നപോലെ ശരീരസൗന്ദര്യം കൊണ്ടല്ല, പ്രത്യുത, ഒരു നോട്ടം കൊണ്ട്, കഴുത്തിലെ മാലകൊണ്ട്. 'നോട്ട'വും'മാല' യും തമ്മിൽ ഇവിടെയെന്തു ബന്ധം എന്ന് ഒറ്റവായനയിൽ നമുക്കും തോന്നാം. 'നോട്ടം' (കണ്ണുകൾ) ഇവിടെ പ്രിയനു ദൃശ്യമാകുന്നത് അവൾ പ്രിയന്റെ മുമ്പിൽ അവളുടെ മൂടുപടം നീക്കിയതു കൊണ്ടാണ്! ശലോമോന്റെ മുമ്പിൽ മൂടുപടമിട്ടിരിക്കുന്ന ശൂലേമി, ഇപ്പോൾ കാന്തന്റെ മുമ്പിൽ മൂടുപടം നീക്കിയിരിക്കുന്നു. അവളുടെ കണ്ണുകളിൽ തിളങ്ങി നില്ക്കുന്ന പ്രിയനോടുള്ള അനുരാഗത്തിന്റെ പ്രകാശസ്ഫുരണം കാന്തനെ മത്തുപിടിപ്പിച്ചുകളഞ്ഞു... അത് വീഞ്ഞിനെക്കാൾ ലഹരി പകരുന്നതാണെന്ന് കാന്തൻ ഏറ്റു പറയുന്നു!

പിന്നെ കാണുന്നത് 'കഴുത്തിലെ മാല'യാണ്! മാലയിൽ കോർത്തിട്ടിരിക്കുന്ന രത്നങ്ങളൊന്നുമല്ല കാന്തനെ മത്തുപിടിപ്പിച്ചത്! 'എന്റെ പ്രിയൻ എനിക്ക് സ്തനങ്ങളുടെ മദ്ധ്യേ കിടക്കുന്ന മൂറിൻ കെട്ടുപോലെയാകുന്നു'(ഉത്തമഗീതം1:13). ശൂലേമിയുടെനെഞ്ചിൽ കിടക്കുന്നത് രത്നഖചിത മാലയൊന്നുമല്ല; പ്രത്യുത, അവളെ എപ്പോഴും രമിപ്പിക്കുന്ന പ്രാണപ്രിയന്റെ സൗരഭ്യമാണ്! ശൂലേമിയുടെ ഹൃദയത്തിൽ അവളുടെ പ്രാണപ്രിയനല്ലാതെ മറ്റൊന്നുമില്ല എന്ന തിരിച്ചറിവാണ് അവന്റെ ഹൃദയം ശൂലേമിക്കു കവർച്ചയായിപ്പോകുവാനുള്ള കാരണം! എന്റെ

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# അപൂർണ്ണ യാഗങ്ങളും പൂർണ്ണ യാഗവും

എബ്രായലേഖനം ഒൻപതാം അധ്യായം 1 മുതൽ 10 വരെയുള്ള വാക്യങ്ങൾ പഴയ ഉടമ്പടി പ്രകാരമുള്ള യാഗങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത്. പഴയനിയമ കൂടാരവും ആരാധനയ്ക്കുള്ള ചട്ടങ്ങളും ലൗകികമായിരുന്നു, രണ്ടു തിരശ്ശീലകൾ കൊണ്ടാണ് ഈ ആലയം വേർതിരിക്കപ്പെട്ടിരിക്കുന്നത്. ആദ്യ തിരശ്ശീലയുടെ ഉള്ളിൽ നിലവിളക്കും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു. സാധാരണ രീതിയിൽ ദിവസം തോറും ഉള്ള ശുശ്രൂഷകൾ നടന്നു പോന്നിരുന്നത് വിശുദ്ധസ്ഥലമായ ഇവിടെയായിരുന്നു. എന്നാൽ രണ്ടാമത്തെ ഭാഗത്ത് അതായത് അതിവിശുദ്ധ സ്ഥലത്ത് ആണ്ടിൽ ഒരിക്കൽ മാത്രമാണ് മഹാപുരോഹിതൻ ചെല്ലുന്നത്. അവിടെയാണ് പൊന്നുകൊണ്ടുള്ള ധൂപകലശവും, പൊന്നുപൊതിഞ്ഞ നിയമപെട്ടകവും, മന്ന ഇട്ടുവച്ച പൊൻപാത്രവും, അഹരോന്റെ തളിർത്ത വടിയും ഉണ്ടായിരുന്നത്. ഇതെല്ലാം പഴയനിയമത്തിന്റെ അടയാളങ്ങൾ ആയിരുന്നു. ഇത് ഈ കാലത്തേക്കുള്ള ഒരു സദൃശ്യം മാത്രമാണ് എന്ന് ലേഖനകർത്താവ് പറയുന്നു. പൂർണ്ണമായത് വരാനുണ്ട് എന്നുള്ള മനോബോധം നിലനിൽക്കെത്തന്നെ ഈ ഭാഗികമായ യാഗങ്ങൾ ലൗകികമായ ആചാരവൃത്തികളോടുകൂടി നിവർത്തിച്ചു പോന്നിരുന്നു. ഈ ജഡികനിയമങ്ങൾ വിവിധമായ ഭക്ഷണങ്ങൾ, പാനീയങ്ങൾ, പലതരത്തിലുള്ള സ്നാനങ്ങൾ, എന്നിവയോട് കൂടിയാണ് ഭരമേല്പിക്കപ്പെട്ടിരുന്നത്. എല്ലാ യാഗങ്ങളുടെയും അടിസ്ഥാനം 'രക്തം കൂടാതെ വിമോചനം ഇല്ല' എന്ന ദൈവത്തിന്റെ പ്രമാണമാണ്.

**ക്രിസ്തുവിന്റെ യാഗത്തിന്റെ പ്രത്യേകതകൾ എന്താണ്?**

ന്യായപ്രമാണത്തെക്കുറിച്ച് പറയുന്നത് അത് 'വരുവാനുള്ള നന്മകളുടെ നിഴൽ' മാത്രം എന്നാണ്. എന്താണ് വരുവാനുള്ള നന്മകൾ? അത് ദൈവവുമായി എന്നെന്നേക്കുമുള്ള സമാധാനവും നിത്യരാജ്യത്തിലേക്കുള്ള ധാരാളമായ പ്രവേശനവും ആണ്. ഈ സമാധാനം ഒരിക്കലും താൽക്കാലികമായ ഭൗതിക യാഗങ്ങൾ കൊണ്ട് ലഭിച്ചിട്ടില്ല. ഇന്നും പല സഭകളും പുറമേയുള്ള ആചാരങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ഭക്ഷണ നിയമങ്ങളിലൂടെയും യാഗങ്ങളിലൂടെയും ദൈവത്തോടുള്ള സമാധാനം സ്ഥാപിക്കുവാൻ പരിശ്രമിക്കുന്നു. ആചാരപരമായ കർമ്മങ്ങൾ ചെയ്യാത്തവരും പ്രവർത്തികളാൽ ദൈവത്തോടുള്ള സമാധാനം ഉണ്ടാക്കുവാൻ പരിശ്രമിക്കുന്നു. ഇവർ മനസ്സിലാക്കാതെ പോകുന്നത് രക്തം കൂടാതെ ശുദ്ധീകരണം ഇല്ലെന്നും ദൈവത്തിന്റെ സന്നിധിയിലേക്ക് പ്രവേശനമില്ലെന്നും ഉള്ള ദൈവീകപ്രമാണം ആണ്.

## അപൂർണ്ണ യാഗങ്ങളും പൂർണ്ണ  യാഗവും

നിത്യമായ സമാധാനം, ദൈവവുമായുള്ള യഥാസ്ഥാപനം, എന്നിങ്ങനെയുള്ള നന്മകൾ യേശുക്രിസ്തു എന്ന മഹാപുരോഹിതനിലൂടെ ആണ് ലഭിക്കുന്നത്. നിത്യമായ നന്മകൾ ലഭ്യമാക്കുന്നതിന് വേണ്ടി യേശുക്രിസ്തു, മഹാപുരോഹിതനായി എന്നന്നേക്കുമായുള്ള ഒരു നിയമം സ്ഥാപിച്ചു. അത് ആട്ടുകൊറ്റന്മാരുടെയോ പശുക്കിടാങ്ങളുടെയോ രക്തത്താൽ സാധ്യമായിരുന്നില്ല. അതിന് നിത്യനിയമത്തിന്റെ അവകാശിയായ പുത്രന്റെ രക്തം ചൊരിയപ്പെടേണ്ടത് ആവശ്യമായിരുന്നു.

ഈ ഭൂമിയിലെ  ലൗകികമായ ആലയത്തിൽ മാനുഷികമായ യാഗങ്ങളിലൂടെ താൽക്കാലികമായ സമാധാനം ലഭിക്കുമെന്ന് മനുഷ്യർ വിശ്വസിച്ചു ആചരിച്ചു പോകുന്നു. എന്നാൽ യേശുക്രിസ്തു എന്ന മഹാപുരോഹിതനോ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി, വലിപ്പവും തികവുമുള്ള ഒരു കൂടാരത്തിൽ, തന്റെ സ്വന്തരക്തം കൊണ്ട് എന്നന്നേക്കുമായുള്ള ഒരു വീണ്ടെടുപ്പ് ഒരിക്കലായി സാധിപ്പിച്ചു. അതിനർത്ഥം ഭൂമിയിലുള്ള ആചാരങ്ങളും ദൈവം മോശെയോട് കൽപ്പിച്ച ക്രമങ്ങളും എല്ലാം ഈ സൃഷ്ടിയിൽ ഉൾപ്പെടാത്ത നിത്യകൂടാരത്തിൽ നടക്കേണ്ട ആ മഹത്തായ ശുശ്രൂഷയുടെ പ്രതിബിംബങ്ങൾ മാത്രമായിരുന്നുഎന്നാണ്.

'നിത്യമായ, മാറ്റം വരാത്ത യാഗം' എന്നുള്ളത് എബ്രായലേഖനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആശയമാണ്. ലോകത്തിൽ ഇനി ഒരു മതത്തിന്റെയും ആവശ്യമില്ല, ദൈവത്തെ അന്വേഷിക്കുന്നവർക്ക് യേശുക്രിസ്തുവിന്റെ ഏകയാഗത്താൽ മറുപടി ലഭിച്ചിരിക്കുന്നു. ഇനി മാനുഷിക മധ്യസ്ഥന്മാരുടെ മതപരമായ ദൂഷിത മധ്യസ്ഥ പ്രവർത്തികളുടെ ആവശ്യമില്ല. പ്രത്യേകമായ കർമ്മങ്ങൾ അനുഷ്ഠിക്കുവാൻ സ്പെഷ്യലിസ്റ്റുകളുടെ ആവശ്യമില്ല. യേശുക്രിസ്തു ഒരിക്കലായി തന്നെത്താൻ അർപ്പിച്ചുകൊണ്ട് സാധിപ്പിച്ച പുതിയനിയമത്തിന്റെ ഉടമ്പടി ലോകത്തിൽ ഏതു വ്യക്തിയെയും ആരുടെയും സഹായം കൂടാതെ കൃപാസനത്തിന് മുമ്പിലെത്തുവാൻ പ്രാപ്തനാക്കുന്നു.

ന്യായപ്രമാണപ്രകാരമുള്ള താൽക്കാലിക ശുശ്രൂഷകൾ താൽക്കാലിക സമാധാനം വരുത്തുന്നവയാണ് എന്നുള്ളത് സത്യമാണ്. അത് പുറമേയുള്ള ഒരു ശുദ്ധീകരണം മാത്രമാണ്. എന്നാൽ 'നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച യേശുക്രിസ്തുവിന്റെ രക്തം നമ്മുടെ എല്ലാ നിർജ്ജീവ പ്രവൃത്തികളെയും എന്നെന്നേക്കുമായി നീക്കി നമ്മെ ശുദ്ധീകരിക്കുകയും' ദൈവത്തെ ആരാധിക്കുവാൻ നമ്മുടെ മനസ്സാക്ഷിയെ ഒരുക്കുകയും ചെയ്യും.

എന്തുകൊണ്ടാണ് യേശുക്രിസ്തു മരിക്കേണ്ടതാവശ്യമായി വന്നത്? ആദ്യത്തെ നിയമം കൊണ്ട് ആരും രക്ഷപ്പെട്ടില്ല എന്നതു കൊണ്ടും അവരുടെ  നിർജ്ജീവ പ്രവൃത്തികൾ ദൈവത്തിനു സ്വീകാര്യമില്ലാതെ  അവശേഷിച്ചതുകൊണ്ടും ഒരു വീണ്ടെടുപ്പ് അത്യാവശ്യമായിരുന്നു. എന്നാൽ അത് ജഡീകമായ യാഗങ്ങൾ കൊണ്ട് സാധിക്കുകയില്ലായിരുന്നു. മൃഗയാഗങ്ങളാലും ഭോജന നിയമങ്ങളാലും സാധ്യമാവുമായിരുന്നില്ല.

പുതിയനിയമത്തിന്റെ മധ്യസ്ഥനായ യേശുക്രിസ്തുവിന്റെ മരണം അതിന് ആവശ്യമായിരുന്നു. ഈ മധ്യസ്ഥന്റെ മരണത്തോടുകൂടി നിയമം സ്ഥിരമാക്കപ്പെടുന്നു. കാരണം മധ്യസ്ഥൻ മരിച്ചാൽ പിന്നെ നിയമത്തിന് മാറ്റം വരുക അസാധ്യമാണ്. അതുകൊണ്ട് യേശുക്രിസ്തുവിന്റെ മരണത്തിലൂടെ സ്ഥിരമാക്കപ്പെട്ട ഒരു വിശുദ്ധനിയമമാണ് പുതിയനിയമം.  നിയമം നൽകാൻ അധികാരമുള്ളവൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം നിയമം മാറ്റുവാനും അവന് അധികാരം ഉണ്ട്. എന്നാൽ നിയമകർത്താവ് മരിക്കുമ്പോൾ നിയമം സ്ഥിരം ആകുന്നു.

ഭൂമിയിലുള്ള പ്രതിബിംബങ്ങളാൽ അതായതു നിഴലുകളായ കർമ്മങ്ങൾ ഒരുപക്ഷേ മൃഗങ്ങളുടെ രക്തം കൊണ്ട് ശുദ്ധീകരിക്കപ്പെടുമായിരുന്നു. എന്നാൽ സ്വർഗ്ഗീയമായതിന് അങ്ങനെ ശുദ്ധീകരിക്കപ്പെടുവാൻ സാധിക്കുകയില്ല. അതിന് വിലയേറിയ യാഗങ്ങൾ ആവശ്യമായിരുന്നു.  അതുകൊണ്ട് അപ്പൊസ്തലൻ ഇവിടെ എടുത്തു പറയുന്നു, പ്രതിബിംബമായ കൈപ്പണിയായ ഒരു കൂടാരത്തിലേക്ക് അല്ല യേശുക്രിസ്തു പ്രവേശിച്ചത്, സ്വർഗ്ഗത്തിലേക്ക് തന്നെയാണ്. എന്തുകൊണ്ടാണ് കർത്താവ് സ്വർഗ്ഗത്തിലേക്കുതന്നെ പ്രവേശിച്ചത്? നമുക്ക് വേണ്ടി എപ്പോഴും ദൈവത്തിന്റെ  സന്നിധിയിൽ മധ്യസ്ഥത അണയ്ക്കുക എന്ന പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുന്നതിനു വേണ്ടിയാണ് അത്.  അവിടുന്ന് പിതാവിന്റെ സന്നിധിയിൽ നമുക്ക് വേണ്ടി എപ്പോഴുംഅത് തുടരുന്നു. ഈ ഭൂമിയിലുള്ള

ശേഷം പേജ് 29 ▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# കടഭാരം വലയ്ക്കുന്നുവോ?

**കൗ**ൺസലിംഗിനു വിളിക്കുന്നവരിൽ ബഹുഭൂരിപക്ഷവും പറയുന്ന പ്രധാനദു:ഖം കടഭാരം വരുത്തിവയ്ക്കുന്ന കടുത്ത മാനസിക സമ്മർദ്ദങ്ങളെക്കുറിച്ചാണ്. അവരിൽ വിശ്വാസികളും അല്ലാത്തവരുമൊക്കെയുണ്ട്. സാമ്പത്തിക പ്രതിസന്ധികളിൽ പിടിച്ചു നിൽക്കുവാൻ കഴിയാതെ നിലവിളിക്കുന്ന നിരവധി പേരുടെ കഠിനരോദനം എന്റെ കാതുകളിൽ പെരുമ്പറ മുഴക്കുന്നു. കടഭാരം നൽകുന്ന അമിതസമ്മർദ്ദം നിമിത്തം ആത്മവിശ്വാസം നഷ്ടപ്പെട്ടവരും 'തൊട്ടാവാടി' മനസ്സുള്ളവരും, മറ്റൊന്നും ചിന്തിക്കാതെ കുടുംബമായി ആത്മഹത്യ ചെയ്യുന്ന നിരവധി സംഭവങ്ങൾ ദിനംപ്രതി നാം കണ്ടുകൊണ്ടിരിക്കുകയാണ്. ദൈവവിശ്വാസമുള്ളവർ കടഭാരം നീങ്ങുന്നതിനായി പ്രാർത്ഥനയിൽ അഭയം പ്രാപിക്കുകയോ, കടഭാരം നീക്കിത്തരാം എന്നു വാഗ്ദാനം ചെയ്യുന്ന വ്യാജപ്രവാചകന്മാർ നയിക്കുന്ന പ്രാർത്ഥനാഗ്രൂപ്പുകളെ വിവേചിക്കാതെ ശരണം പ്രാപിക്കുകയോ ചെയ്യുന്നു. പരിഹാരം ലഭിക്കുന്നില്ലെങ്കിൽ ആത്മീയസന്തോഷം നഷ്ടപ്പെട്ടവരായി സമാധാനമില്ലാതെ നാമധേയ ക്രിസ്തീയജീവിതം നയിക്കുന്നു.

എല്ലാത്തരത്തിലുള്ള പ്രയാസങ്ങളും മുഴുവനായി പരിഹരിക്കുവാൻ കഴിവുള്ള മഹാദൈവമാണ് യേശുകർത്താവ്. 'യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യനാണ്' അവിടത്തേക്ക് അസാദ്ധ്യമായി ഒന്നുമില്ല. നമ്മുടെ ഭാഗത്തുനിന്നു നാം ചെയ്യേണ്ട ചില ഉത്തരവാദിത്തങ്ങളും കടമകളുമുണ്ട്. അത് വിശ്വസ്തമായി ചെയ്യുമ്പോഴാണ് കർത്താവ് നമ്മുടെ പ്രതികൂലാവസ്ഥകൾ നീക്കി ശോഭാപൂർണമായ ജീവിതത്തിലേക്കു നമ്മെ നയിക്കുക.

വൈദികവിദ്യാർത്ഥിയായിരുന്ന സമയത്ത് എന്റെ സെമിനാരി പ്രഫസറായിരുന്ന ഡോ. ഗീവർഗീസ് മാർ ഒസ്താത്യോസ് മെത്രാപ്പൊലീത്ത ഞങ്ങളെ പഠിപ്പിച്ചതും, തന്റെ ജീവിതത്തിലൂടെ പ്രായോഗികമായി ചെയ്തു കാണിച്ചതുമായ ചില മാതൃകകളിൽ പ്രധാനമായവ 'ഉയർന്ന ചിന്തയും ലളിതജീവിതവും' എന്നതായിരുന്നു. ഇത് ജീവിതത്തിൽ നാം പ്രാവർത്തികമാക്കിയാൽ 'കടഭാരം' എന്ന ഭീകരൻ മരണംവരെ അഞ്ചയൽവക്കത്തുപോലും വരില്ലെന്ന് അദ്ദേഹം ഞങ്ങളോട് ആവർത്തിച്ച് പറയുമായിരുന്നു. ലളിതജീവിതം നയിക്കണമെന്നുള്ള തീരുമാനം ഞാൻ സ്വീകരിച്ചത് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് ആവേശം ഉൾക്കൊണ്ടു കൊണ്ടായിരുന്നു. നമുക്കെല്ലാവർക്കും അന്നന്നത്തേക്കുള്ള അപ്പമല്ലേ ആവശ്യമുള്ളൂ? പിന്നെയെന്തിനാണ് നാളെയെക്കുറിച്ചു വിചാരപ്പെട്ടു മനം കലങ്ങുന്നത്? ബുദ്ധിമുട്ടുള്ള എല്ലാവരെയും സഹായിക്കുവാൻ നാം വിചാരിച്ചാൽ സാധിക്കുകയുമില്ല. അർഹരായവരിൽ വളരെ കുറച്ചുപേരെ മാത്രം വളരെ ചെറിയ നിലയിൽ സഹായിക്കുവാൻ ചിലപ്പോൾ നമുക്കു

കഴിഞ്ഞേക്കും. അങ്ങനെയുള്ള സഹായം ജാതി മതഭേദമെന്യെ ചെയ്യാറുമുണ്ട്. ചെലവ് ചുരുക്കി, ഉള്ള വരുമാനത്തിൽ ജീവിച്ചാൽ അതായത് മരണംവരെ ആരോടും പണം കടം വാങ്ങില്ലെന്നും, ഒരു കാര്യത്തിനും ലോൺ എടുക്കില്ലെന്നും തീരുമാനിച്ചാൽ കടഭാരം ഉണ്ടാകുന്നതേയില്ല. അഥവാ ആരോടെങ്കിലും കടം വാങ്ങുന്നതിനുമുമ്പെ അതു തിരിച്ചു കൊടുക്കുവാൻ ആസ്തി യുണ്ടെന്നു പൂർണ വിശ്വാസവും ഉറപ്പും ഉണ്ടെങ്കിൽ മാത്രം കടം വാങ്ങുക. ആർഭാടവും ധൂർത്തും പാഴ്ച്ചെലവും ജീവിതത്തിൽനിന്നും പൂർണ്ണമായി ഒഴിവാക്കുമെന്ന് തീരുമാനിക്കുക.

മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനല്ല നാം ജീവിക്കേണ്ടതെന്നും, ലാളിത്യമാണ് ജീവിതത്തിന്റെ സൗന്ദര്യമെന്നും തിരിച്ചറിയുക. മാതാപിതാക്കളും മക്കളും ഒറ്റക്കെട്ടായി ഇങ്ങനെയൊരു തീരുമാനമെടുത്താൽ കടഭാരമെന്ന രക്തരക്ഷസ് സ്വസ്ഥത കെടുത്തി ആത്മഹത്യയിലൂടെ ജീവിതം തകർത്ത് ആരെയും അഗ്നിനരകത്തിലേക്ക് അയക്കില്ല. ഇന്ന് അനേകർ ബുദ്ധികേടു കൊണ്ടും, ആഡംബര ജീവിതംകൊണ്ടും, വരവിലേറെ ചെലവ് ചെയ്ത് ജീവിതത്തെ നരകമാക്കുന്ന കാഴ്ച ഏറെ ചിന്തിപ്പിക്കുന്നതിനാലാണ് തൂലിക ഈ രീതിയിൽ കൈകാര്യം ചെയ്യുന്നത്.

ലേഖനത്തിലെ വിഷയത്തോട് സത്യസന്ധത പുലർത്തുവാൻവേണ്ടി മാത്രം അങ്ങേയറ്റം വിനയത്തോടെ പറയട്ടെ. ജീവിതത്തിൽ പരമാവധി ലളിതജീവിതം പുലർത്തുന്ന സാധാരണ മനുഷ്യരാണ് ഞങ്ങൾ. ആർഭാടവും ധൂർത്തും പാഴ്ച്ചെലവും ഞങ്ങളുടെ അഞ്ചയൽവക്കത്തുപോലും വരാൻ അവസരം നൽകിയിട്ടില്ല. ഇപ്പോൾ മരിച്ചാലും ഒരു രൂപ പോലും ആരോടും കടം വാങ്ങിയത് തിരികെ കൊടുക്കുവാനില്ല. ഞാൻ മുക്കാൽ ഭാഗവും 'സസ്യഭുക്കായതിനാൽ' ഭക്ഷണകാര്യത്തിലും അധികം ചെലവില്ല. അത് ദൈവത്തിന്റെ മഹാകൃപയായി ഞാൻ കണക്കാക്കുന്നു.

കടം, അലസന്മാരെ കുടുക്കുന്ന ഒരു കെണിയാണ്. അടിമത്തവും ദുരിതവും കൊണ്ടുവരുവാൻ അതിനു കഴിയും. വിവാഹം പോലെയുള്ള പ്രത്യേക ആവശ്യങ്ങൾക്കും, അനാവശ്യമായി സാധനങ്ങൾ വാങ്ങുന്നതിനും കടം വാങ്ങുന്ന സമ്പ്രദായം അഭികാമ്യമല്ല. ധൂർത്തും ആഡംബരവും ദൈവം വെറുക്കുന്നു. അഞ്ചപ്പവും രണ്ടു മീനും കൊണ്ട് ആയിരങ്ങളെ പോഷിപ്പിച്ചതിനു ശേഷം 'യേശു ശിഷ്യന്മാരോടു പറഞ്ഞു: ശേഷിച്ച കഷണങ്ങൾ ശേഖരിക്കുക, ഒന്നും നഷ്ടപ്പെടുത്തരുത്. അവർ അവ ശേഖരിച്ചു; അഞ്ചു യവത്തപ്പത്തിൽനിന്ന് ശേഷിച്ച കഷണങ്ങൾ പന്ത്രണ്ട് കൊട്ട നിറച്ചെടുത്തു' (യോഹന്നാൻ 6 :12,13). ഈ വചനത്തിൽ നിന്നും, ഭക്ഷണമോ വസ്ത്രമോ ഉപജീവനത്തിനാവശ്യവുമായതൊന്നും പാഴാക്കരുത് എന്നത് വ്യക്തം. ആവശ്യത്തിൽ കവിഞ്ഞുള്ളത് ദുർഭിക്ഷത്തിലിരിക്കുന്നവരുടെ ആവശ്യത്തിലേക്കു നൽകേണ്ടതുമാണ് (2 കൊരിന്ത്യർ 8:12 - 15).

ഉള്ളതുകൊണ്ടു തൃപ്തരാകുന്നതും തങ്ങൾക്കാവശ്യമുള്ളതൊക്കെ ദൈവം നല്കുമെന്ന വിശ്വാസവും ആയിരിക്കണം വിശ്വാസികളുടെ ജീവിതനിയമം. ഉള്ളതിൽ സംതൃപ്തിയോടെ ജീവിക്കുന്നവർക്കാണ് 'ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയില്ല' എന്ന വാഗ്ദത്തം നൽകിയിരിക്കുന്നത് (എബ്രായർ 13:5). ഏതെങ്കിലും വിധത്തിൽ നാം ആർക്കെങ്കിലും കടക്കാരായിട്ടുണ്ടെങ്കിൽ എത്രയും വേഗം കൊടുത്തു തീർക്കുവാൻ ഉത്സാഹിക്കണം. പരസ്പരം സ്നേഹിക്കുക എന്ന ബാധ്യതയല്ലാതെ നിങ്ങൾക്ക് ആരോടും യാതൊരു ബാധ്യതയും ഉണ്ടായിരിക്കരുത് എന്ന റോമർ 13:8 ലെ പ്രബോധനവും ഹൃദയത്തിൽ സംഗ്രഹിക്കണം. വിശ്വാസികൾക്കെല്ലാവർക്കുമുള്ള കടം എന്നത് സുവിശേഷം അറിയിക്കുകയുമാണ്. പരിഷ്കൃതരോടും അപരിഷ്കൃതരോടും, വിദ്യാസമ്പന്നരോടും വിദ്യാവിഹീനരോടും, യഹൂദനോടും യഹൂദേതരനോടും, സുവിശേഷം അറിയിക്കുവാൻ പൗലോസ് കടപ്പെട്ടിരുന്നത് പോലെ (റോമർ 1:14-16) നാമും കടപ്പെട്ടിരിക്കുന്നു.

ദൈവവിഷയമായി സമ്പന്നരാവുക എന്നതാണ് ദൈവികപദ്ധതി. 'ഈ ഭൂമിയിൽ നിങ്ങൾക്കായി ഒരു നിധിയും സമ്പാദിക്കരുത്. കീടങ്ങളും തുരുമ്പും അവയെ നശിപ്പിക്കും. കള്ളന്മാർ നിങ്ങളുടെ ഭവനം ഭേദിച്ച് നിങ്ങൾക്കുള്ളതെല്ലാം കൊണ്ടുപോകും. അതിനാൽ നിങ്ങളുടെ നിക്ഷേപങ്ങൾ സ്വർഗ്ഗത്തിലാകട്ടെ. കീടങ്ങളും തുരുമ്പും അതു നശിപ്പിക്കില്ല. കള്ളന്മാർക്ക് അതു കൊണ്ടുപോകാനുമാവില്ല. നിങ്ങളുടെ നിക്ഷേപം എവിടെയാണോ, നിങ്ങളുടെ ഹൃദയം അവിടെയായിരിക്കും' എന്നാണ് (മത്തായി 6:19 -21) കർത്താവരുളിച്ചെയ്തിട്ടുള്ളത്. നിത്യതയ്ക്കായി ഒരുങ്ങുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. •



വാച്ച്മാൻ നീ

# ഇപ്പോൾ നിങ്ങൾ ആത്മീയരാണോ?

***നി**ങ്ങളോടു സംസാരിക്കാൻ സാധിച്ചത് ആത്മികരോട് എന്നപോലെയല്ല, പിന്നെയോ ജഡികരോട്, ക്രിസ്തുവിൽ ശിശുതുല്യരോട് എന്നപോലെ മാത്രമായിരുന്നു. ഞാൻ നിങ്ങൾക്കു പാലാണ് തന്നത്, കട്ടിയായ ഭക്ഷണമല്ല. കട്ടിയുള്ളതു കഴിക്കാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു, ഇപ്പോഴും ഇല്ല. നിങ്ങൾ ഇപ്പോഴും ജഡികരാണ്. നിങ്ങളുടെ ഇടയിൽ അസൂയയും ശണ്ഠയും നിലനിൽക്കെ നിങ്ങൾ ജഡികരല്ലേ? (1 കൊരിന്ത്യർ 3.13)*

**പൗ**ലോസിനെപ്പോലെ എല്ലാ വിശ്വാസികൾക്കും ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ച് ആത്മികരായി ജീവിക്കുവാൻ കഴിയും. നിർഭാഗ്യവശാൽ പലരും ഇപ്പോഴും പാപത്തിന് മരിച്ചിട്ടില്ലാത്തവരാകയാൽ ജഡത്താൽ നിയന്ത്രിക്കപ്പെടുന്നു. വിശ്വാസികൾ എന്ന നിലയിൽ അവരുടെ ഉത്തരവാദിത്തമനുസരിച്ച് അവർ സ്വയത്തിനു മരിക്കുകയും ദൈവത്തിനായി ജീവിക്കുകയും വേണം; എന്നാൽ അവർ അങ്ങനെ ചെയ്യുന്നില്ല. കൊരിന്തിലെ വിശ്വാസികൾക്കിടയിൽ അത്തരമൊരവസ്ഥ അപ്പൊസ്തലനായ പൗലോസ് നേരിട്ടിരുന്നു. ഇവിടെ അപ്പൊസ്തലൻ ക്രിസ്ത്യാനികളെ രണ്ട് വിഭാഗങ്ങളായി തിരിക്കുന്നു: ആത്മീയരും, ജഡികരും. 1 കൊരിന്ത്യർ 3 ൽ മൂന്ന് തവണ അവർ ജഡികമനുഷ്യരാണെന്ന് പൗലോസ് പ്രഖ്യാപിക്കുന്നു. പരിശുദ്ധാത്മാവ് നൽകിയ ജ്ഞാനത്തിലൂടെ അവരുടെ ആത്മീയവളർച്ച വിവേചിച്ചറിയുവാൻ അപ്പൊസ്തലന് കഴിഞ്ഞു.

വീണ്ടുംജനനം എന്നത് പാപത്താൽ നിർജ്ജീവമായ മനുഷ്യന്റെ ആത്മാവ് ദൈവാത്മാവിനാൽ പുതുക്കപ്പെടുന്ന ഒരു ആത്മീയ പ്രക്രിയയാണ്. ഈ പുതുജീവിതം വളർന്ന് ഫലം പുറപ്പെടുവിക്കുന്ന ജീവിതാനുഭവത്തിലെത്തുവാൻ സമയം ആവശ്യമാണ്. പുതുതായി ജനിച്ച ഒരു വിശ്വാസി വിശ്വസ്തതയോടെ കർത്താവിനെ നന്നായി സ്നേഹിച്ചും തീക്ഷ്ണതയിൽ മുന്നോട്ട് പോയാലും, ദൈവഹിതത്തെയും ആത്മാവിന്റെ വഴിയെയും കുറിച്ച് കൂടുതലറിയാൻ വളർച്ച ആവശ്യമാണ്. അവൻ കർത്താവിനെയും സത്യത്തെയും എത്രമാത്രം സ്നേഹിച്ചാലും വീണ്ടെടുക്കപ്പെടാത്ത ശരീരത്തിൽ വസിക്കുന്നതിനാൽ ഇപ്പോഴും തെറ്റായ വികാരങ്ങളുടെയും ചിന്തകളുടെയും മണ്ഡലത്തിൽ ആയിരിക്കുന്നു. പുതുതായി ജനിച്ച ഒരു ക്രിസ്ത്യാനി ജഡസ്വഭാവമുള്ളവനായിരിക്കാൻ പാടില്ല. പാപചിന്തകൾ ഉളവാകുന്നത് ജഡത്തിൽ നിന്നാണന്ന് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ, എങ്ങനെ ജഡത്തിന്റെ

പ്രവൃത്തികളിൽ നിന്ന് മോചനം ലഭിക്കും?

വീണ്ടുംജനനം പ്രാപിച്ചവർ തൽക്ഷണം ആത്മീയരായി മാറുമെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല. എന്നിരുന്നാലും വർഷങ്ങൾക്കുശേഷവും അവർ ശിശുക്കളായി തുടരുകയാണെങ്കിൽ, വളർച്ച ഇല്ലാത്തതിനാൽ അവരുടെ അവസ്ഥ ഏറ്റവും ദയനീയമാണ്. കൊരിന്ത്യർ, വീണ്ടും ജനിക്കുന്നതിനു മുമ്പേ ജഡസ്വഭാവമുള്ള മനുഷ്യരായിരുന്നു. എന്നാൽ അവർ വീണ്ടുംജനിച്ചതിനാൽ പുരുഷത്വത്തിലേക്ക് വളരേണ്ടതായിരുന്നു. അവർ തങ്ങളുടെ ജീവിതം പാഴാക്കി ശിശുക്കളായി തുടർന്നു, അങ്ങനെ ഇപ്പോഴും ജഡസ്വഭാവമുള്ളവരായി തുടരുന്നു.

ജഡികജീവിതത്തിൽ നിന്ന് ആത്മീയതയിലേക്ക് രൂപാന്തരപ്പെടാൻ നാം ചിന്തിക്കുന്ന അത്രയും സമയം ആവശ്യമില്ല. കൊരിന്തിലെ വിശ്വാസികൾ ജാതീയ പശ്ചാത്തലത്തിൽ നിന്നാണ് രക്ഷിക്കപ്പെട്ടത്. ജഡികതയിൽ വളരെക്കാലമായി ജീവിച്ചിരുന്ന അവരെ അപ്പോസ്തലൻ വളരെക്കാലം ശിശുക്കളായി കരുതി. മുഴുവ്യക്തിത്തത്തിന്മേലും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനുള്ള എല്ലാ തടസ്സങ്ങളും നീക്കം ചെയ്യുക എന്നതാണ് ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ ഉദ്ദേശ്യം. അങ്ങനെ ആത്മീയനാകാൻ കഴിയും. പലരും നിരവധി വർഷങ്ങൾക്ക് ശേഷവും ആത്മീയജീവിതത്തിൽ പുരോഗതി കൈവരിക്കുന്നില്ലെന്ന് കണ്ടെത്തുന്നത് എത്ര ദു:ഖകരമാണ്. എന്നാൽ വളരെപ്പെട്ടന്ന് ആത്മാവിന്റെ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന മറ്റു ചിലരെ കണ്ടെത്തുമ്പോൾ ജഡികർ അത്ഭുതപ്പെടുന്നു.

നിങ്ങൾ കർത്താവിൽ വിശ്വസിച്ചിട്ടു എത്ര കാലമായി? ഇപ്പോൾ നിങ്ങൾ ആത്മീയരാണോ? പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ച് ജഡികരായി, അതായത് സാധാരണ മനുഷ്യരായി നാം മാറരുത്. വീണ്ടുംജനിച്ചവരെല്ലാം ആത്മീയവളർച്ച ആഗ്രഹിക്കണം. എല്ലാ കാര്യങ്ങളിലും പരിശുദ്ധാത്മാവ് നമ്മെ നിയന്ത്രിക്കുവാൻ അനുവദിക്കണം. അങ്ങനെ വളരെപ്പെട്ടന്ന് ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന പക്വതയുള്ള ജീവിതത്തിലേക്ക് പരിശുദ്ധാത്മാവ് വചനത്തിലൂടെ നമ്മെ നയിക്കും.

വിശ്വാസികൾ ജഡികരായി മാറുവാനുള്ള കാരണങ്ങൾ എന്തൊക്കെയാകും? ക്രിസ്തുവിലുള്ള അവരുടെ അവകാശത്തെക്കുറിച്ച് സംസാരിക്കുകയും, ആ അനുഭവം തേടാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടവരുടെ തീക്ഷ്ണതക്കുറവാകാം. നടത്തിപ്പുകാർ ആത്മാവിലുള്ള ജീവിതത്തെക്കുറിച്ച് അജ്ഞരായിരിക്കാം. പിന്നെ എങ്ങനെയാണ് അത്തരക്കാർക്ക് മറ്റുള്ളവരെ ക്രിസ്തുവിലുള്ള സമൃദ്ധമായ ജീവിതത്തിലേക്ക് നയിക്കാൻ കഴിയുക? വിശ്വാസികൾക്ക് ആത്മീയ കാര്യങ്ങളിൽ താൽപ്പര്യമില്ലാത്തതുകൊണ്ടുമാകാം. രക്ഷിക്കപ്പെടാൻ ഏറ്റുപറച്ചിലും സ്നാനാനവും മാത്രം മതിയെന്ന് അവർ കരുതുകയോ ആത്മീയവിശപ്പ് ഇല്ലാതിരിക്കുകയോ ആത്മീയ വളർച്ചക്കായി വില നൽകാൻ തയ്യാറാകാതിരിക്കുകയോ ചെയ്യുന്നതിനാലും ആവാം. പരിണതഫലമായി പല സഭകളും ജഡികരെക്കൊണ്ട് നിറയുന്നു.

ജഡികരുടെ പ്രത്യേകതകൾ എന്തൊക്കെയാണ്? അവയിൽ ഏറ്റവും പ്രധാനം ആത്മീയ വളർച്ചയില്ലാതെ തുടരുക എന്നതാണ്. ദൈവപുത്രൻ തന്റെ പാപങ്ങൾക്ക് കുരിശിൽ പ്രായശ്ചിത്തം ചെയ്തുവെന്ന് വിശ്വസിച്ചുകൊണ്ട് ഒരാൾ പുതുതായി ജനിക്കുമ്പോൾ, പരിശുദ്ധാത്മാവ് അവനെ ജഡത്തിന്റെ ശക്തിയിൽ നിന്ന് മോചിപ്പിക്കുന്നതായും, താനും ക്രിസ്തുവിനൊപ്പം ക്രൂശിക്കപ്പെട്ടുവെന്നും അവൻ വിശ്വസിക്കണം. ഇതിനെക്കുറിച്ചുള്ള അജ്ഞത സ്വാഭാവികമായും ജഡികതയിൽ അവനെ നിലനിർത്തും. ജഡികരുടെ രണ്ടാമത്തെ സ്വഭാവം അവർ ആഴമായ ആത്മീയസത്യങ്ങൾ ഉൾക്കൊള്ളാൻ പ്രാപ്തരല്ല എന്നതാണ്. 'ഞാൻ നിങ്ങൾക്കു വചനമാകുന്ന പാലാണ് തന്നത്, കട്ടിയായ ഭക്ഷണമല്ല. കട്ടിയുള്ളതു കഴിക്കാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു, ഇപ്പോഴും ഇല്ല. നിങ്ങൾ ഇപ്പോഴും ജഡികരാണ്.'

കൊരിന്ത്യർ അവരുടെ അറിവിലും ജ്ഞാനത്തിലും അഹങ്കരിച്ചു. ആ കാലഘട്ടത്തിലെ എല്ലാ സഭകളിലും, കൊരിന്തിലെ സഭയായിരുന്നു വചനത്തിൽ സമ്പന്നമായ സഭ. പൗലോസ് തന്റെ കത്തിൽ അവരുടെ സമ്പന്നമായ അറിവിന് ദൈവത്തിന് നന്ദി പറഞ്ഞു (1 കൊരിന്ത്യർ1 :6). വചനത്തിൽ സമ്പന്നമായിരുന്നെങ്കിലും, തങ്ങൾക്കറിയാവുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കാനുള്ള ആത്മശക്തി ഉണ്ടായിരുന്നില്ല. വളരെയധികം ജഡികവിശ്വാസികൾ ഉണ്ടായിരിക്കുന്നത് ഇതിനാലാണ്. അവർ മറ്റുള്ളവരോട് പ്രസംഗിക്കാൻ പോലും കഴിയുന്നത്ര നിലയിൽ ദൈവവചനം നന്നായി മനസ്സിലാക്കിയവരാണ്. പക്ഷേ അവർ ആത്മീയരല്ല.

**...അവനുവേണ്ടത് വചനത്തിലുള്ള പാണ്ഡിത്യമല്ല. മറിച്ച് പരിശുദ്ധാത്മാവിന് തന്റെ ജീവൻ സമർപ്പിക്കാനും ആത്മാവിന്റെ കൽപ്പന പ്രകാരം ക്രൂശിന്റെ പാതയിലൂടെ പോകുവാനും, തയ്യാറും അനുസരണയുമുള്ള ഒരു ഹൃദയമാണ്. പ്രയോഗികമാക്കാത്ത വചന പാണ്ഡിത്യം ജഡികതയെ ശക്തിപ്പെടുത്തുകയും, സ്വയം ആത്മീയനായി ഭാവിച്ച് അവൻ വഞ്ചിതനാവുകയും ചെയ്യും.**

യഥാർത്ഥ ആത്മീയ അറിവ് വിശ്വാസിയുടെ ജീവിതത്തെ സത്യവുമായി സംയോജിപ്പിക്കുന്നതിലൂടെ ആത്മീയവളർച്ചയ്ക്ക് പാകമാക്കുന്നതാണ്. അത് അനുസരണത്തിന്റെ പാതയാണ്.

അറിവിന്റെ കൈമാറ്റം ഒരിക്കലും ഒരു വ്യക്തിയെ ആത്മീയനാക്കില്ല; അവനുവേണ്ടത് വചനത്തിലുള്ള പാണ്ഡിത്യമല്ല. മറിച്ച് പരിശുദ്ധാത്മാവിന് തന്റെ ജീവൻ സമർപ്പിക്കാനും ആത്മാവിന്റെ കൽപ്പന പ്രകാരം ക്രൂശിന്റെ പാതയിലൂടെ പോകുവാനും തയ്യാറുള്ള അനുസരണയുള്ള ഒരു ഹൃദയമാണ്. പ്രയോഗികമാക്കാത്ത വചനപാണ്ഡിത്യം ജഡികതയെ ശക്തിപ്പെടുത്തുകയും, സ്വയം ആത്മീയനായി ഭാവിച്ച് അവൻ വഞ്ചിതനാവുകയും ചെയ്യും. ഞാൻ ആത്മീയനല്ലെങ്കിൽ എനിക്ക് എങ്ങനെ ഇത്രയധികം ആത്മീയ കാര്യങ്ങൾ അറിയാൻ കഴിയും എന്ന് ജഡികൻ സ്വയം പറയും.


അസൂയയും പിണക്കവും ജഡികതയുടെ ഒരു പ്രധാന തെളിവാണ്. കൊരിന്തിലെ സഭയിൽ ഭിന്നതകൾ വ്യാപകമായിരുന്നു, ഞാൻ പൗലോസിന്റെ പക്ഷവും , ഞാൻ അപ്പല്ലോസിന്റെ പക്ഷവും, ഞാൻ കേഫാവിന്റെ പക്ഷവുമാണ് തുടങ്ങിയ പ്രഖ്യാപനങ്ങളാൽ ഇത് സ്ഥിരീകരിക്കപ്പെടുന്നു. ഞാൻ 'ക്രിസ്തുവിന്റെ പക്ഷമാണെന്നു' പറഞ്ഞു കൊണ്ട് പോരാടിയവരെപ്പോലും ജഡികരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി. കാരണം ജഡം എപ്പോഴും അസൂയയും കലഹവും നിറഞ്ഞതാണ്. ക്രിസ്തുവിൽ നിന്നുള്ളവരാണെന്ന് സ്വയം അവകാശപ്പെടുന്നവർ പോലും ദൈവദൃഷ്ടിയിൽ ജഡികരാണ്. വാക്ക് എത്ര മധുരമായി തോന്നിയാലും, ഏതൊരു പ്രശംസയും ജഡികന്റെ വാചാലത മാത്രമാണ്. സഭയിലെ ഭിന്നതകൾ സ്നേഹക്കുറവും ജഡത്തെ അനുസരിച്ച് ജീവിക്കുന്നത് മൂലവുമല്ലാതെ മറ്റൊ ന്നുമല്ല.

ഒരു സാധാരണ മനുഷ്യനെപ്പോലെ പെരുമാറുകയും പാപം ചെയ്യുകയും ചെയ്യുന്ന വ്യക്തിക്ക് എത്രമാത്രം ദൈവവചനം അറിയാമെങ്കിലും, എത്ര ആത്മീയ അനുഭവങ്ങൾ അവകാശപ്പെട്ടാലും, എത്ര വർഷം കർത്തൃവേലയിൽ വ്യാപൃതനായാലും, കോപം, സ്വാർത്ഥത, തർക്കം, വ്യർത്ഥവാക്കുകൾ എന്നിവയുടെ ആത്മാവിൽ നിന്ന് മുക്തനല്ലെങ്കിൽ അയാൾ എങ്ങനെ ആത്മികനാകും? ജഡികനാവുക എന്നാൽ 'സാധാരണ മനുഷ്യരെപ്പോലെ' പെരുമാറുക എന്നതാണ്. നമ്മുടെ പെരുമാറ്റം സാധാരണ മനുഷ്യരിൽ നിന്ന് വ്യത്യസ്തമാണോ എന്ന് നാം സ്വയം വിലയിരുത്തണം. ജഡസ്വഭാവങ്ങളും പെരുമാറ്റങ്ങളും ജീവിതത്തിൽ പറ്റിപ്പിടിച്ചിട്ടുണ്ടെങ്കിൽ ഇപ്പോഴും ജഡികനാണ്.

ഒരു വ്യക്തി തന്റെ ജഡത്തിന്റെ ആഗ്രഹങ്ങളെ പിന്തുടരാൻ വിസമ്മതിക്കണം. അധാർമികത, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, മന്ത്രവാദം, ശത്രുത, കലഹം, അസൂയ, കോപം, സ്വാർത്ഥത, ഭിന്നത, വിഭാഗീയ മനോഭാവം, അസൂയ, മദ്യപാനം, മുതലായവയാണ് ജഡത്തിന്റെ പ്രവൃത്തികൾ. ഒരാൾ ജഡികനാണോ എന്ന് ഉറപ്പാക്കാൻ ജഡത്തിന്റെ പ്രവൃത്തികളിൽ ഏതെങ്കിലും താൻ ചെയ്യുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കേണ്ടതുണ്ട്. ജഡികനാകാൻ ജഡത്തിന്റെ പ്രവൃത്തിയിലുള്ളതെല്ലാം ചെയ്യേണ്ട ആവശ്യമില്ല. അവയിൽ ഒന്ന് മാത്രം ചെയ്താലും അവൻ ജഡികനാണെന്ന് തെളിയിക്കുന്നു.

ജഡത്തിന്റെ ചിന്ത ആത്മീയമരണമാണെന്നു തിരിച്ചറിഞ്ഞ് നമ്മെത്തന്നെ കാണാൻ കണ്ണുകൾ തുറക്കുന്നതുവരെ പ്രാർത്ഥിക്കാം. പ്രാർത്ഥനയിലൂടെ നമുക്ക് താഴ്മയുള്ളവരാകാം. നാം ജഡത്തിന്റെ പ്രവൃത്തികളാൽ നയിക്കപ്പെടുന്നത് അവസാനിപ്പിക്കുന്നതുവരെ കണ്ണുനീരോടെ കരയാം. നമ്മുടെ ഹൃദയങ്ങൾ വിശുദ്ധജീവിതത്തിനായി ജ്വലിക്കുവാനും എല്ലാ ജഡികചിന്തകളും നീങ്ങിപ്പോകുവാനും പ്രാർത്ഥിക്കാം. ●





ഡോ. സജികുമാർ കെ. പി.

# നശീകരണത്തിന്റെ ഗെയിം

ഓൺലൈൻലോകം നിസ്സാരമല്ല. 6,200 കോടി രൂപ വർഷാവർഷം വിനിമയം ചെയ്യപ്പെടുന്ന കച്ചവട ശൃംഖലയാണത്. ഇന്ന് 38 കോടിയോളം ഇന്റർനെറ്റ് ഗെയിമുകൾ ലഭ്യമാണ്. അതിൽ ചെറുപ്പക്കാർക്ക് ഇടർച്ചയാകുന്ന പ്രധാനവിഭാഗം പ്രിഫയർ, പബ്ജി, ഹിറ്റ്മാൻ എന്നിങ്ങനെയുള്ള അസൊൾട്ട് ഗെയിമുകളാണ്. 35 മണിക്കൂർ വരെ ഉറക്കവും ഭക്ഷണവും മറ്റും മറന്ന് ഒറ്റയിരിപ്പിൽ ഇത്തരം ഗെയിം കളിച്ച ആളെപ്പറ്റിയും, ഇത്തരം ഗെയിം അഡിക്ഷൻ, പഠനത്തെയും കുടുംബബന്ധങ്ങളെയും സ്വഭാവരീതികളെയും എങ്ങനെ ബാധിക്കുന്നു എന്നും ചർച്ച ചെയ്തു തുടങ്ങിയിരിക്കുന്നു.

2024 ജൂണിൽ മാനസികാരോഗ്യ പ്രശ്നങ്ങളുടെ പട്ടികയിൽ, മറ്റ് അഡിക്ഷന്റെ ഒപ്പം ഓൺലൈൻ ഗെയിമും ഉൾപ്പെടുത്തിക്കൊണ്ട് ലോകാരോഗ്യ സംഘടന അറിയിപ്പ് നൽകുകയുണ്ടായി. ഇത്തരത്തിൽ ഗെയിമിന് അടിമപ്പെട്ടിരിക്കുന്ന കുട്ടികളെയും ചെറുപ്പക്കാരെയും ഔദ്യോഗികമായി മാനസികാരോഗ്യപ്രശ്നം ഉള്ളവരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും, വിദഗ്ധ ചികിത്സയും കൗൺസലിംഗും നൽകുകയും ചെയ്യുക എന്നതാണ് ലക്ഷ്യം ഇട്ടിരിക്കുന്നത്. അടുത്തയിട നടത്തിയ ഒരു അഭിപ്രായ സർവ്വെ അനുസരിച്ച് 24% ആളുകളും, അവരുടെ പഠനവും ജോലിയും ബാധിക്കുന്ന വിധത്തിൽ ഇത്തരം ഗെയിമിന് അടിമപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുകയുണ്ടായി. 42% പേർ പറഞ്ഞത് ഇത് നല്ല ധനസമ്പാദന മാർഗമാണ് എന്നും, അതിനാൽ ഇത് ശീലം ആക്കുന്നതിൽ തെറ്റില്ല എന്നും ആണ്.

യന്ത്രത്തോക്കും ഗ്രനൈഡും മറ്റും ഉപയോഗിച്ച് കണ്ണിൽ പെടുന്നവരെല്ലാം വകവരുത്തുന്ന ഗെയിമുകളിൽ, വെടിയുണ്ട മറ്റൊരാളുടെ തലതുളച്ച് പുറത്തു പോകുന്നതും, കൈകാലുകൾ ചിതറിത്തെറിക്കുന്നതും, ചോര ചീറ്റുന്നതും ഒക്കെ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്ന 'കമ്പ്യൂട്ടർഗ്രാഫിക്സ്' ആണ് നൽകിയിരിക്കുന്നത്. ഇവിടെ ദൈവാനുരൂപമായി ആത്മീയതയിൽ മനസ്സ് നിറയ്ക്കേണ്ട ഒരു തലമുറ, 'മോഷ്ടിക്കാനും അറുക്കുവാനും' പ്രേരിപ്പിക്കുന്ന ചിന്തകളിലല്ലേ രാവും പകലും ജീവിക്കുന്നത്. ക്ഷമയും സഹനവും അനുകമ്പയും സ്നേഹവും വളരേണ്ട മനസ്സുകളിൽ വിദ്വേഷവും വൈരാഗ്യവും നശീകരണ പ്രവണതയും വളരുന്നത് കണ്ടിട്ട് സ്വസ്ഥമായി ഇരിക്കുവാൻ നമുക്ക് കഴിയുമോ?

മനുഷ്യരെ നിഷ്ക്കരുണം കൊന്നുമുടിക്കുന്ന ഗെയിമുകളാൽ, ദിനംപ്രതി

സ്വമനസ്സിലേക്ക് അന്ധകാരം നിറയ്ക്കുന്ന മക്കൾ, യഥാർത്ഥ ജീവിതത്തിലും അത് പ്രദർശിപ്പിക്കും. ദേഷ്യം കയറിയാലുടനെ സർവ്വനിയന്ത്രണങ്ങളും വിട്ട് പൈശാചികഭാവം പ്രകടിപ്പിക്കുന്ന മക്കൾ. തങ്ങളെ പ്രകോപിപ്പിക്കുന്നവരെ നിർദ്ദാക്ഷിണ്യം ക്രൂരമായി ഉപദ്രവിക്കുന്ന കൗമാരക്കാർ. മാതാപിതാക്കൾ, സഹോദരങ്ങൾ എന്നുള്ള പരിഗണന പോലും മറന്ന് അക്രമമനോഭാവം കാണിക്കുമ്പോൾ ഇവിടെ ഒരു പുനർവിചിന്തനം അത്യാവശ്യമാണ്. സ്വന്തം പിതാവിനെ ചുമരിലേക്ക് തള്ളിയപ്പോൾ അദ്ദേഹം തലയടിച്ചു വീണു മുറിപ്പെട്ടതും, സഹോദരനെ അടിച്ച് താഴെയിട്ട് കഴുത്തിൽ അമർത്തി മരണത്തിന്റെ വക്കുവരെ എത്തിച്ച നിഷ്ഠൂരതയും, ഈ ലേഖകന്റെ കൗൺസലിംഗ് സെന്ററിൽ വിവരിക്കപ്പെട്ടപ്പോൾ പ്രതിസ്ഥാനത്ത് കൗമാരക്കാരായിരുന്നു.

നശീകരണവും ക്രൂരതയും മനസ്സിൽ നിറയ്ക്കുന്ന ഗെയിം കളിക്കുമ്പോൾ, സഭയിലെ ആത്മീയപ്രബോധനങ്ങളിൽ നിന്നും സൺഡേസ്കൂളിൽ നിന്നും കിട്ടിയ ആത്മീയതയുടെ പ്രകാശനങ്ങൾ ഒന്നൊന്നായി നിഷ്പ്രഭമാക്കുന്നു. ഇത്തരം ഗെയിമുകൾ കൂട്ടായിട്ടാണ് കളിക്കുന്നത് എന്നതിനാൽ ഗെയിമിനിടയ്ക്ക് അവർ സംസാരിക്കുന്ന പദങ്ങൾ അശ്ലീലവും ആയിരിക്കും. ഇതായിരിക്കും നാളെ കൂട്ടുകാരോട് ദേഷ്യപ്പെടുമ്പോൾ അവരിൽ നിന്ന് പുറപ്പെടുന്നതും. മറ്റുള്ളവരെ കൊല്ലുവാൻ ഒരുമ്പെട്ടിറങ്ങുന്നവന്റെ വായിൽ നിന്ന് വരുന്ന വാക്കുകൾ സത്യമായിരിക്കുകയില്ലല്ലോ?

ഇന്റർനെറ്റ് ഗെയിമിന്റെ പ്രത്യേകത അത് വല്ലാത്ത ആസക്തി ഉണ്ടാക്കുന്നു എന്നതാണ്. നശീകരണത്തിന്റെ ഗെയിം കളിക്കുന്നവർക്ക് അവർ മുഖാന്തരം മറ്റുള്ളവർക്ക് ഉണ്ടാകുന്ന നഷ്ടം അതിഭീമം ആണെങ്കിൽ അതിനനുസരിച്ച് പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും. ഇതാണ് ഗെയിമിനോട് അഭിനിവേശം വർദ്ധിപ്പിക്കുന്ന ഘടകം. അങ്ങനെ പ്രതിഫലം കിട്ടി ഉയർന്ന പദവി ലഭിക്കുവാൻ കഴിയാത്തവർ, ഇല്ലാത്ത പണം അവിഹിതമായി കണ്ടെത്തി ആ ഉയർന്ന പദവികളും ആയുധങ്ങളും വാങ്ങാൻ പരിശ്രമിക്കും. അങ്ങനെയാണ് ഇതു കളിക്കുന്ന കുട്ടികൾ മാതാപിതാക്കളറിയാതെ ബാങ്കിലെ പണം പിൻവലിക്കുന്നത്. പല ചെറുപ്പക്കാരും കിട്ടുന്ന ശമ്പളത്തിന്റെ നല്ലൊരു വിഹിതം ഇങ്ങനെ കളിച്ച് കളയുന്ന കാഴ്ച വേദനാജനകമാണ്.

**ഇത്തരം ഗെയിമുകൾ കൂട്ടായിട്ടാണ് കളിക്കുന്നത് എന്നതിനാൽ ഗെയിമിനിടയ്ക്ക് അവർ സംസാരിക്കുന്ന പദങ്ങൾ അശ്ലീലവും ആയിരിക്കും. ഇതായിരിക്കും നാളെ കൂട്ടുകാരോട് ദേഷ്യപ്പെടുമ്പോൾ അവരിൽ നിന്ന് പുറപ്പെടുന്നതും.**

ഇത്തരം കളികളിൽ രാവും പകലും മുഴുകിയിരിക്കുന്നവർക്ക് സ്വാഭാവികമായും വീട്ടിൽ താമസിക്കുന്ന മറ്റുള്ളവരോട് സംസാരിക്കുവാൻ പോലും സമയം ഉണ്ടാവുകയില്ല. വീട്ടിലെ അംഗങ്ങളോടൊപ്പം ഭക്ഷണം കഴിക്കാനും സന്തോഷിക്കുവാനും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുവാനും അവർക്ക് തീർത്തും താൽപര്യം കാണില്ല. ഊണും ഉറക്കവും കളഞ്ഞ്, ഈ കളിയിൽ മുഴുകുന്നവരെ മറ്റെന്തിനെങ്കിലും വിളിച്ചാൽ ദേഷ്യവും നശീകരണപ്രവണതയും ആയിരിക്കും അനന്തരഫലം. ഹോംവർക്ക് ചെയ്യാനും, ക്ലാസിൽ ഇരിക്കാനും അവർക്ക് തീർത്തും താല്പര്യം കാണില്ല. നന്നായി പഠിച്ചുകൊണ്ടിരുന്ന പല കുട്ടികളും പഠനം പാടേ നശിപ്പിച്ച് ഇത്തരം ഗെയിമിന്റെ പുറകെ പോയത് നമ്മുടെ ചുറ്റുവട്ടത്തെ പല വീടുകളുടെയും അവസ്ഥയാണ്.

എങ്ങനെ ഇവർക്ക് ഒരു മാറ്റം കൊണ്ടുവരാം എന്നത് നന്നായി ചിന്തിക്കേണ്ട ഒരു വസ്തുതയാണ്. ഇത്തരം കളികളിലേക്ക് മക്കൾ വഴുതിവീഴുന്നത് ആദ്യദിവസങ്ങളിൽത്തന്നെ കണ്ടെത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. മാതാപിതാക്കൾ അവർക്കു നിയന്ത്രണം വയ്ക്കുകയും, ഇത്തരം ഗെയിമുകൾ അനുവദിക്കാതിരിക്കുകയും ചെയ്യുക. അടിമപ്പെട്ടു പോയ മക്കളുടെ സർവ്വസ്വാതന്ത്ര്യങ്ങളും ഒരുനിമിഷം കൊണ്ട് എടുത്തുകളഞ്ഞാൽ അവരുടെ പ്രതികരണം ക്രൂരവും പൈശാചികവും ആയിരിക്കും. ആത്മഹത്യാപ്രവണതകളും സർവ്വസാധാരണമാണ്. അതുകൊണ്ട്, അവരോടൊപ്പം സമയമെടുത്ത് സ്നേഹത്തോടെ ഭവിഷ്യത്തുകൾ ബോധ്യപ്പെടുത്തുക എന്നതാണ് അഭികാമ്യം. അങ്ങനെയാകുമ്പോൾ ക്രമേണ അവരെ രക്ഷിച്ചെടുക്കുവാൻ കഴിയും.

ശേഷം പേജ് 25 ▶



ഡോ. സുജിത്ത് സൈമൺ

# ആത്മാവിനാൽ ജഡത്തെ എങ്ങനെ നിയന്ത്രിക്കാം

മനുഷ്യനെപ്പറ്റിയുള്ള പഠനത്തിൽ ശാസ്ത്രലോകം ഇന്നും അനിശ്ചിതത്വത്തിലാണ്. എന്താണ് മനുഷ്യൻ? എന്തൊക്കെ മനുഷ്യനിൽ ഉൾക്കൊള്ളുന്നു? ഈ വിഷയത്തെപ്പറ്റി ആധുനികശാസ്ത്രം ഇന്നും അന്വേഷിച്ചു കൊണ്ടിരിക്കുന്നു. ദൈവവചനം മനുഷ്യനിലെ ത്രീ ഭാഗാത്മക (tripatriate) പ്രകൃതി വ്യക്തമായി വെളിപ്പെടുത്തുന്നു. ഉല്പത്തി പുസ്തകത്തിൽ 'യഹോവയായ ദൈവം പൊടി കൊണ്ട് മനുഷ്യനെ ഉണ്ടാക്കിയിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം (life giving breath) ഊതി. മനുഷ്യൻ ജീവനുള്ള ദേഹി ( living soul) ആയിത്തീർന്നു ( ഉല്പ്പത്തി 2: 7). ജഡശരീരത്തിൽ (body) ജീവശ്വാസം (life giving breath) പ്രവേശിച്ചപ്പോൾ ദേഹി( living soul) ഉണ്ടായി. ദൈവത്തിന്റെ ജീവശ്വാസത്താൽ മനുഷ്യനിൽ ഒരു ആത്മാവ് സൃഷ്ടിക്കപ്പെട്ടു. ഇത് മനുഷ്യാത്മാവാണ്. എന്നാൽ ഈ മനുഷ്യാത്മാവ് ദൈവാത്മാവിന്റെ ഭാഗമല്ല. 'സർവ്വശക്തന്റെ ശ്വാസം എനിക്ക് ജീവനെ തരുന്നു' ( ഇയ്യോബ് 33:4). മനുഷ്യാത്മാവിന് സ്ഥിരമായി നിൽക്കുവാൻ കഴിയുമെങ്കിലും വീണ്ടുംജനിക്കാത്ത മനുഷ്യനിൽ നിത്യജീവൻ (eternal life) ഇല്ല. വീണ്ടുംജനിക്കുന്ന വ്യക്തിയിൽ ദൈവത്തിന്റെ ജീവൻ മനുഷ്യാത്മാവിൽ പ്രവേശിക്ക കൊണ്ട് നിത്യജീവൻ (eternal life) ഉണ്ട്. 'കെടുന്ന ബീജത്താൽ അല്ല, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നു'(1 പത്രോസ് 1:23).

മനുഷ്യനിലെ ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്ന് ഘടകങ്ങളിൽ ആത്മാവിന് പ്രധാന സ്ഥാനമാണ് ഉള്ളത്. ശരീരം ബാഹ്യമായ ഭൗതികലോകവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, ആത്മാവ് ആത്മീയലോകവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. പ്രാണൻ, ഇവ രണ്ടിനും ഇടയ്ക്ക് നിലകൊള്ളുന്നു. പ്രാണന് നേരിട്ട് ആത്മീയലോകവുമായോ ഭൗതികലോകവുമായോ ബന്ധപ്പെടുവാൻ കഴിയുകയില്ല. അത് ആത്മാവ് വഴിയായി ആത്മീയലോകവുമായും, ശരീരം മുഖാന്തരമായി ഭൗതിക ലോകവുമായും ബന്ധപ്പെടുന്നു. രണ്ടുഭാഗത്ത് നിന്ന് ലഭിക്കുന്ന അറിവുകളെ വിലയിരുത്തുവാനും, ഒരു തീരുമാനമെടുക്കുവാനും പ്രാണന് (soul)കഴിയും എന്നുള്ളത് കൊണ്ട് പ്രാണൻ മനുഷ്യന്റെ വ്യക്തിത്വത്തിന്റെ (personality) കേന്ദ്രബിന്ദുവായി നിലകൊള്ളുന്നു. ദൈവത്തിന്റെ ജീവശ്വാസം ആത്മാവായി മനുഷ്യനിൽ നിലകൊള്ളുന്നു. ആയതിനാൽ മനുഷ്യനിലെ ഏറ്റവും ശ്രേഷ്ഠമായ ഘടകം ആത്മാവാണ്. മാത്രമല്ല, മുഴുമനുഷ്യനും ആത്മാവിന്റെ നിയന്ത്രണത്തിൽ ആയിരിക്കാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ

ആത്മാവിന് നേരിട്ട് ശരീരത്തെ നിയന്ത്രിക്കുവാൻ ആവില്ല. മറിച്ച് പ്രാണൻ വഴിയായി മാത്രമേ അത് കഴിയുകയുള്ളൂ. ഇത് സാധിക്കണമെങ്കിൽ പ്രാണന്റെ അനുവാദം (Permission) കൂടിയേ തീരൂ. പ്രാണൻ അനുവദിക്കണമെങ്കിൽ അത് സ്വയം താഴ്മ ഏറ്റെടുത്ത് ആത്മാവിന് കീഴടങ്ങേണ്ടിയിരിക്കുന്നു. തീരുമാനം (Decision) പ്രാണന്റെ ഭാഗമായതുകൊണ്ട്, താൻ തന്നെയോ, അതോ ആത്മാവോ, ശരീരമോ ആര് കർതൃത്വം നടത്തണമെന്നുള്ളത് തീരുമാനിക്കുവാൻ പ്രാണന് കഴിയും. ആദിമമനുഷ്യൻ പാപത്തിൽ വീഴുന്നതുവരെ ആത്മാവ്, പ്രാണൻ, ശരീരം എന്ന ക്രമത്തിൽ ആയിരുന്നു കർത്തൃത്വം നടത്തിയിരുന്നത്. എങ്കിലും മറ്റു ഘടകങ്ങൾക്കും സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടാണ് ആദം ശരീരത്തിന്റെ താൽപര്യത്തിന് വഴങ്ങിയത്. വീണ്ടും ജനിച്ച ദൈവമക്കളും ആത്മാവിന്റെ ഭരണത്തിന് അധീനരായിത്തീരുന്നു. എന്നാൽ വീണ്ടും ജനിക്കാത്തവരിൽ പ്രാണൻ നിയന്ത്രണം നടത്തുന്നു. ഇങ്ങനെയുള്ളവരെ പ്രാകൃതമനുഷ്യൻ (soulish man) എന്ന് വിശുദ്ധ വേദപുസ്തകം പഠിപ്പിക്കുന്നു.

ആത്മാവ് ആത്മീയലോകത്തോട് ബന്ധപ്പെട്ട് നിൽക്കുന്നതുകൊണ്ട് അതിന് ദൈവബോധം (God- Conscience) ഉണ്ട്. പ്രാണൻ സ്വാർത്ഥബോധത്താലും (self - conscience), ശരീരം ലോകബോധത്താലും ( world-conscience) ബന്ധിക്കപ്പെട്ടിരിക്കുന്നു. 'നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോടു സാക്ഷ്യം പറയുന്നു' ( റോമർ8:16). ദൈവിക സംസർഗ്ഗത്തിൽ നിന്നും കൂട്ടായ്മയിൽ നിന്നും ലഭിക്കുന്നതായ വെളിപ്പാടുകൾ ആത്മാവ് പ്രാണനിലേക്ക് പകരുന്നു. പ്രാണൻ ശരീരത്തിലൂടെ അത് ബാഹ്യമായി പ്രകടമാക്കുന്നു. 'എന്റെ ഉള്ളം കർത്താവിനെ മഹത്വപ്പെടുത്തുന്നു, എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു' (ലൂക്കോസ്1: 46, 47). മനുഷ്യാത്മാവിന്റെ ദൈവബോധത്തെ (God- Conscience) കാണിക്കുന്നതാണ് ഈ വേദഭാഗം. വീണ്ടുംജനിച്ച വിശ്വാസികൾക്ക് ഈ ലോകത്തിൽത്തന്നെ ആത്മാവിന് കീഴടങ്ങി ജീവിക്കുവാൻ കഴിയും. എന്തുകൊണ്ടെന്നാൽ, നാം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു. വീണ്ടുംജനിക്കാത്ത വ്യക്തികളിൽ പ്രാണൻ ആത്മാവിന്റെ മേൽ കർതൃത്വം നടത്തുന്നത് മൂലം ക്രമേണ ആത്മാവ് പ്രവർത്തനരഹിതം ആവുകയും ആത്മാവിന്റെയും പ്രാണന്റെയും പ്രവർത്തനങ്ങൾ തിരിച്ചറിയുവാൻ ആവാത്ത വിധം അത് ഒന്നായി തീരുകയും ചെയ്യുന്നു. 'അവന്റെ മനസ്സ് അഹങ്കാരത്താൽ കഠിനമായി പോയ ശേഷം.....' എന്ന് നാം ദാനിയേൽ 5:20 ൽ വായിക്കുന്നു. ഈ ഘട്ടത്തിൽ ആത്മാവ് ഒരു ഘടകമായി തുടരുമെങ്കിലും ദൈവദൃഷ്ടിയിൽ മരിച്ച അവസ്ഥയായി കണക്കാക്കപ്പെടുന്നു. വൃക്ഷഫലം തിന്നുന്ന നാളിൽ നീ മരിക്കുമെന്ന് ആദമിനോടുള്ള ദൈവീക പ്രസ്താവനയുടെ നിറവേറൽ നടന്നത് ഈ നിലയിലാണ്. ആത്മാവും ക്രമേണ മനുഷ്യന്റെ പ്രാണനും, ശരീരവും മരണത്തിന് വിധേയപ്പെടുന്നു.

**മനുഷ്യനിലെ ഏറ്റവും ശ്രേഷ്ഠമായ ഘടകം ആത്മാവാണ്. ദൈവവും മനുഷ്യനും ആയുള്ള സംസർഗം ഇവിടെയാണ് നടക്കുന്നത്. ആത്മാവിനെ പൊതിഞ്ഞ് പ്രാണനും, പ്രാണനെ പൊതിഞ്ഞ് ശരീരവും, നിലകൊള്ളുന്നതുകൊണ്ട് മനുഷ്യന്റെ ഏറ്റവും ഉള്ളിലെ ഭാഗം ആത്മാവാണ്.**

എന്നാൽ ഒരു വ്യക്തി വീണ്ടും ജനിക്കുമ്പോൾ ദൈവത്തിന്റെ ജീവൻ മനുഷ്യന്റെ ആത്മാവിൽ പ്രവേശിച്ച് അതിന് പുതുജീവൻ പകർന്നു കൊടുക്കുന്നു. 'ജീവിപ്പിക്കുന്നത് ആത്മാവ് (ദൈവാത്മാവ്) ആകുന്നു.' (യോഹന്നാൻ 6:63). മനുഷ്യനിലെ ഏറ്റവും ശ്രേഷ്ഠമായ ഘടകം ആത്മാവ് ആണ്. ദൈവവും മനുഷ്യനും ആയുള്ള സംസർഗ്ഗം ഇവിടെയാണ് നടക്കുന്നത്. ആത്മാവിനെ പൊതിഞ്ഞ് പ്രാണനും, പ്രാണനെ പൊതിഞ്ഞ് ശരീരവും നിലകൊള്ളുന്നതുകൊണ്ട് മനുഷ്യന്റെ ഏറ്റവും ഉള്ളിലെ ഭാഗം (innermost part) ആത്മാവാണ്. ആ ആത്മാവാണ് ദൈവികപ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനം. ദൈവത്തിന്റെ പ്രവർത്തനം ആത്മാവിൽ ആരംഭിച്ച് പുറത്തേക്ക് വരുന്നു. ഏദൻതോട്ടത്തിലെ വൃക്ഷഫലം തിന്നാൻ നല്ലതെന്ന് സ്ത്രീ കണ്ടപ്പോൾ (ഉൽപത്തി 3:6) അവളുടെ ജഡത്തെ പ്രലോഭിപ്പിക്കുന്നതിൽ സാത്താൻ വിജയിച്ചു. കാണ്മാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിക്കുവാൻ കാമ്യവും എന്ന് തെറ്റി


ദ്ധരിച്ചപ്പോൾ സാത്താന്റെ ശരം അവളുടെ പ്രാണനെയും കടന്ന് ആത്മാവിൽ ചെന്ന് തറച്ചു. ആത്മികമരണം അങ്ങനെ മനുഷ്യനിൽ സംഭവിച്ചു.

പ്രാണൻ ആത്മാവിനെയും ശരീരത്തെയും ബന്ധിപ്പിക്കുന്ന ഒരു കേന്ദ്രമായി നിലകൊള്ളുന്നു. ഇതര ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത് അവന്റെ മനസ്സ് (mind or intellect), ചിന്ത (thought), ആദർശം (ideal), സ്നേഹം (love), വികാരം (emotion), തിരിച്ചറിവ് (discernment), തെരഞ്ഞെടുപ്പ് (choice), തീരുമാനം (decision) എന്നീ നൈസർഗ്ഗിക ഗുണങ്ങൾ ആണ്. ആയതുകൊണ്ട് മനുഷ്യവ്യക്തിത്വത്തിന്റെ (personality) ഉറവിടം പ്രാണൻ ആണ്. മനുഷ്യന്റെ ആത്മാവോ, ജഡമോ, പ്രാണനോ ഇവയിൽ ആരാണ് ഭരണം നടത്തേണ്ടത് എന്നുള്ള തീരുമാനം കൈക്കൊള്ളുന്നത് പ്രാണന്റെ ഈ പ്രവർത്തന മണ്ഡലത്തിലാണ്. ആത്മാവ് ഭരണം നടത്തണമെന്ന് തീരുമാനിച്ചാൽ പ്രാണൻ സ്വയം ആത്മാവിന് വിധേയപ്പെടുന്നു. പ്രാണന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കി കഴിഞ്ഞാൽ ജഡത്തിന് അടിമപ്പെട്ട് പോകാതെ ആത്മാവിനെ അനുസരിച്ച് നടക്കുവാൻ വിശ്വാസികൾക്ക് സാധിക്കും. എന്നാൽ ജഡത്തെയും പ്രാണനെയും അനുസരിച്ച് ജീവിച്ചാൽ, ഫലം മറിച്ചാവും. ഏദനിൽ മനുഷ്യന്റെ വീഴ്ചയ്ക്ക് കാരണമായത് അതാണല്ലോ. 'നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നുവെങ്കിൽ മരിക്കും നിശ്ചയം. ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നുവെങ്കിലോ നിങ്ങൾ ജീവിക്കും'. (റോമർ 8:13).

ആത്മാവ്, പ്രാണൻ, ജഡം എന്നിവ ഉൾപ്പെട്ട പൂർണമനുഷ്യന്റെ വീണ്ടെടുപ്പിനായി യേശുക്രിസ്തു കാൽവറിയിൽ മരിച്ചു. മനുഷ്യന്റെ ജഡത്തിന്റെ വീണ്ടെടുപ്പിന് ജഡത്തിൽ അവൻ മരണം അനുഭവിച്ചു. കാൽവറിയിൽ അക്ഷരീകമായി അവൻ തകർക്കപ്പെട്ടു. മനുഷ്യന്റെ പ്രാണന്റെ വീണ്ടെടുപ്പിന് പ്രാണനിൽ അവൻ കഷ്ടത അനുഭവിച്ചു. ഗത്സമനയിൽ 'എന്റെ ഉള്ളം മരണവേദന പോലെ അതിദു:ഖിതമായിരിക്കുന്നു' (മത്തായി 26:38) എന്ന് പറഞ്ഞപ്പോൾ അവൻ പ്രാണനിൽ ഞെരുങ്ങുക ആയിരുന്നു. നിന്ദയും, അപമാനവും, പരിഹാസവും എല്ലാം അവൻ തന്റെ പ്രാണനിൽ ഏറ്റു. ആയതിനാൽ യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിൽ വിശ്വസിച്ച് വീണ്ടും ജനിക്കുന്ന വ്യക്തി, യേശുവിന്റെ ആ

**ഇതര ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത് അവന്റെ മനസ്സ് (mind or intellect), ചിന്ത (thought), ആദർശം (ideal), സ്നേഹം (love), വികാരം (emotion), തിരിച്ചറിവ് (discernment), തെരഞ്ഞെടുപ്പ് (choice), തീരുമാനം (decision) എന്നീ നൈസർഗിക ഗുണങ്ങൾ ആണ്.**

ത്മാവോട് ബന്ധിക്കപ്പെടുകയും ഈ ലോകത്തിൽ വച്ചുതന്നെ ആത്മജീവൻ പ്രാപിക്കുകയും ചെയ്യുന്നു. 'അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു....... ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു' (എഫേസ്യർ 2:17). ദൈവാത്മാവിന്റെ ഭരണത്തിൻ കീഴിൽ ആയിരിക്കുന്നവനാണ് വീണ്ടുംജനനം പ്രാപിച്ച മനുഷ്യൻ. ഇങ്ങനെയുള്ളവർ, സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം ക്രമപ്പെടുത്തിയിരിക്കുന്ന പ്രകാരം, ആത്മാവിൽ നിന്ന് പ്രാണനിലേക്കും, പ്രാണനിൽ നിന്ന് ശരീരത്തിലേക്കും പ്രവർത്തനം നടത്തുന്നു. ഒരു ആത്മികമനുഷ്യന്റെ വ്യക്തിത്വം എപ്പോഴും പ്രതികരിക്കുന്നത് ഇങ്ങനെ ആയിരിക്കും. ഇന്നുള്ള എല്ലാ മനുഷ്യരും ഇപ്രകാരമായി തീരുവാൻ ദൈവം ആഗ്രഹിക്കുന്നു. 'സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും, പ്രാണനും, ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും വണ്ണം കാക്കപ്പെടുമാറാകട്ടെ' എന്നാണ്, പൗലോസ് പ്രബോധിപ്പിക്കുന്നത് (1 തെസ്സലോനിക്കർ 5: 23). അതേ, കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത സമാഗതമായിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഈ ലോകത്തിന് അനുരൂപമാകാതെ ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടാം. •



ഡേവിഡ് വിൽക്കേഴ്സൺ

# വേണ്ട, ഞാൻ വ്യത്യസ്തനാണ്!

***എങ്കിലും ഈ ജനം  കൊള്ള ചെയ്യപ്പെട്ട് കവർച്ചയായിത്തീർന്നവരാണ്, അവരെല്ലാം ഗുഹകളിൽ കുടുങ്ങുകയോ കാരാഗൃഹങ്ങളിൽ അടയ്ക്കപ്പെടുകയോ ചെയ്തിരിക്കുന്നു. അവർ കവർച്ചയ്ക്ക് ഇരയായി, വിടുവിക്കാൻ ആരും ഇല്ല; കൊള്ള ചെയ്യപ്പെട്ടു, മട ക്കിത്തരിക, എന്ന് ആരും പറയുന്നതുമില്ല (യെശയ്യാവ് 42: 22)***

**തി**ന്മയുടെ കരാളഹസ്തങ്ങളിൽ നിന്നും  തങ്ങളുടെ കുട്ടികളെ എങ്ങനെ സുരക്ഷി തരാക്കാമെന്ന് ചിന്തിച്ചുകൊണ്ടാണ് ഇക്കാലങ്ങളിൽ മാതാപിതാക്കൾ ജീവിക്കുന്നത്!  ത ങ്ങളുടെ മക്കൾ, സാത്താന്യശക്തികൾക്കു അടിമയാണെന്ന് കണ്ടെത്തിയപ്പോൾ മാതാ പിതാക്കൾ അനുഭവിച്ച ഞെട്ടലും വേദനയും ഞാൻ മനസിലാക്കിയിട്ടുണ്ട്. യുവാക്കളുടെ ആരോഗ്യവും, ധാർമ്മികതയും, വിവേകവും സാത്താൻ  കവർന്നെടുക്കുന്നു!  മക്കളിൽ നി ന്നുള്ള  സ്നേഹവും സന്തോഷവും അതിനാൽ നഷ്ടപ്പെടുന്നു. നഷ്ടപ്പെട്ട മക്കളെ  ഓർത്ത് ഇപ്പോൾ നിരവധി മാതാപിതാക്കൾ വിലപിക്കുന്നു. മക്കളുടെ മേൽ, അലറുന്ന  സിംഹത്തെ പ്പോലെ പിശാച് ചാടിവീഴുന്നു. യെശയ്യാവ് പറഞ്ഞു: 'അവരെ തിരികെ കൊണ്ടുവരാൻ ആരുമില്ല'.

ശക്തനായ ദൈവമനുഷ്യനായിരുന്നു ശിംശോൻ.  എന്നാൽ അവന്റെ ജീവിതം സാത്താന്റെ തടവറയിൽ ആയിപ്പോയി. അവൻ  ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു ജീവിതം  ആരംഭിച്ചു. 'കുട്ടി വളർന്നു, യഹോവ അവനെ അനുഗ്രഹിച്ചു, യഹോവയുടെ ആത്മാവ് അവനെ ഉത്തേജിപ്പിച്ചു' (ന്യായാധിപന്മാർ 13:24,25). എങ്കിലും  ശിംശോൻ ജഡമോഹങ്ങൾക്ക്  അടിമയായി.  ഫെലിസ്ത്യർ അവനെ പിടിച്ചു, അവന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു, ഗസ്സയിലേക്ക് കൊണ്ടുപോയി, ചങ്ങലകൾ കൊണ്ട് ബന്ധിച്ചു, അവൻ കാരാഗൃഹത്തിൽ മാവു പൊടിക്കേണ്ടി വന്നു(ന്യായാധിപന്മാർ 16:21).  അടിമത്തത്തിലേക്കും തടവറയിലേക്കുമുള്ള ശിംശോന്റെ പതനം നമുക്ക്  പഠിക്കാനും ഭയപ്പെടാനും ഒരു ബുദ്ധ്യുപദേശമാണ് . നല്ലവനും ആത്മീയനുമായ ഒരു യുവാവ്  ഇത്ര ദയനീയനും അന്ധനും നിസ്സഹായനുമായി അവസാനിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കുക!

വിദ്യാഭ്യാസം കൊണ്ടും അറിവുകൊണ്ടും മാത്രം ആരേയും പാപത്തിന്റെ ശക്തിയിൽ നിന്ന് രക്ഷിക്കാൻ കഴിയില്ല! ജനനം മുതലേ ഒരു നാസീർവ്രതസ്ഥനായിട്ടാണ് ശിംശോൻ വളർന്നത്, അതായത്, തിന്മയോ ദുഷ്ടതയോ  ആയ എല്ലാം വർജ്ജിക്കുവാൻ  അദ്ദേഹ ത്തിന് അറിവും പരിശീലനവും ലഭിച്ചു. ഒരു തരത്തിലുള്ള മദ്യവും തൊടരുതെന്ന് അദ്ദേഹത്തെ പരിശീലിപ്പിച്ചു. ഭക്തികെട്ടവരുമായി ഇടപഴകുന്നതിന്റെ അപകടത്തെക്കു റിച്ച് മറ്റാർക്കും ഇത്ര വ്യക്തമായ മുന്നറിയിപ്പ് നൽകിയിരുന്നില്ല. ദൈവാത്മാവ് അവനോട് പാപത്തിൽ നിന്നും വേർപെട്ടു ശുദ്ധനായിരിക്കാനും നിർദ്ദേശിച്ചിരുന്നു. എന്നിട്ടും, ശിംശോൻ ശത്രുരാജ്യത്തേക്ക് ചെന്ന് ഒരു ഫെലിസ്ത്യവേശ്യയുമായി വ്യഭിചാരം ചെയ്തു.

'പിന്നെ ശിംശോൻ ഗസ്സയിലേക്ക് പോയി, അവിടെ ഒരു വേശ്യയെ കണ്ടു, അവളുടെ അടുക്കൽ ചെന്നു'(ന്യായാധിപന്മാർ 16:1). ജഡത്തെ തൃപ്തിപ്പെടുത്തുവാനുള്ള അവന്റെ ആവേശത്തിൽ നിന്നും, വിശുദ്ധജീവിതത്തെക്കുറിച്ചുള്ള കൃത്യമായ അറിവ് അവനെ പിന്തിരിപ്പിച്ചില്ല.

വചനം വിലക്കിയിട്ടുള്ള കാര്യങ്ങളിൽ മനസ്സ് വയ്ക്കുന്നത് ഏറ്റവും അപകടമാണ്. ശിംശോന്റെ കാര്യവും അങ്ങനെ തന്നെയായിരുന്നു! അവൻ വേശ്യയുമായി പ്രണയത്തിലായി, അവനെ കൊല്ലാൻവേണ്ടി ശത്രുക്കൾ വേശ്യയുടെ വീട് വളഞ്ഞിരുന്നു, ആദ്യം കുടുങ്ങി എങ്കിലും അവൻ രക്ഷപ്പെട്ടു. ശിംശോൻ അർദ്ധരാത്രിവരെ കിടന്നുറങ്ങി, അർദ്ധരാത്രിയിൽ എഴുന്നേറ്റു, പട്ടണവാതിലിന്റെ കട്ടളക്കാലുകൾ രണ്ടും, വാതിലുകളും എടുത്ത് എല്ലാം ചുമലിൽ വെച്ച് ഒരു കുന്നിൻ മുകളിൽ കൊണ്ടുപോയി.

ദൈവഭക്തരായ അവന്റെ മാതാപിതാക്കൾക്ക് അറിയില്ലായിരുന്നു മകൻ പാപത്തിൽ വീണു പോയെന്നുള്ള കാര്യം! അത് അറിയാത്തതിനാൽ പിശാചിന്റെ പദ്ധതികൾ തകർക്കാൻ ദൈവം ഇനിയും അവനെ ഉപയോഗിക്കും എന്ന് അവരും ചിന്തിച്ചു. വിലക്കപ്പെട്ട കാര്യങ്ങൾ പ്രവൃത്തിച്ച ശേഷവും ശിംശോനും ചിന്തിച്ചത് പിശാച് എന്നെ കുടുക്കിയിട്ടില്ല, ദൈവശക്തിയും സാന്നിധ്യവും ഇപ്പോഴും തന്നോടൊപ്പം ഉണ്ടെന്നാണ്. അവനു പശ്ചാത്താപം ഉണ്ടാകേണ്ടതല്ലേ? പശ്ചാത്തപിക്കാൻ എന്താണ് ഉള്ളത്? ബൈബിൾ പറയുന്നു: 'ദുഷ്പ്രവൃത്തിക്കെതിരായ ന്യായവിധി വേഗത്തിൽ നടപ്പാക്കപ്പെടാത്തതിനാൽ മനുഷ്യരുടെ ഹൃദയം ദോഷം ചെയ്യാൻ ഉറച്ചിരിക്കുന്നു (സഭാപ്രസംഗി 8:11). വീണ്ടും പാപം ചെയ്യാൻ ദൃഢനിശ്ചയം ചെയ്ത ഒരാൾ, താൻ ഒരിക്കലും പിടിക്കപ്പെടില്ലെന്നു ഭാവിക്കുന്നു. പാപത്തോടുള്ള എല്ലാ ഭയവും വെറുപ്പും അയാൾക്ക് നഷ്ടപ്പെടുന്നു. വിലക്കപ്പെട്ട പാപത്തെ വെറുക്കാത്തതിനാൽ അയാൾ ആത്മീയ അന്ധനായി മാറുന്നു. എല്ലാ വിശുദ്ധ ചിന്തകളും ഇല്ലാതാകുന്നു .

തിന്മ ചെയ്യാൻ തയ്യാറെടുക്കുന്നവർ പെട്ടെന്ന് പൈശാചിക ശക്തികളാൽ സ്വാധീനിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്നു. പാപത്തിലകപ്പെടുത്തി ഏതൊരാളുടെയും ആത്മീയവും ശാരീരികവുമായ എല്ലാ അനുഗ്രഹങ്ങളെയും തകർത്ത്, തന്റെ അടിമകളാക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം. ശിംശോന് അങ്ങനെ തന്നെ സംഭവിച്ചു. ഒരു രാത്രിയിൽ അവൻ 'ഒരിക്കൽ കൂടി' സാത്താന്റെ ഉപകരണമായ ദെലീലയുടെ അടുക്കൽപ്പോയി, പരീക്ഷിക്കപ്പെട്ടു. സാത്താൻ വിശുദ്ധിയിൽ ജീവിക്കുന്നവരെ തകർക്കാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നതായി നമുക്കോരോരുത്തർക്കും തിരിച്ചറിയുവാൻ കഴിയട്ടെ.

എന്തുകൊണ്ടാണ് ദെലീലയുടെ അടുക്കൽ അവൻ വീണ്ടുംവീണ്ടും പോയത്? അവന് ജഡമോഹത്തെ നിയന്ത്രിക്കാൻ കഴിയുന്നില്ല, കാരണം അവൻ ആത്മനിയന്ത്രണത്തിലായിരുന്നില്ല. പിശാച് അവനെ പാപത്തിന്റെ നൈമിഷികസുഖങ്ങൾ ആസ്വദിക്കാൻ പ്രേരിപ്പിച്ചു. ഹൃദയം കീഴടക്കുക എന്നതാണ് പാപത്തിൽ വീഴ്ത്തുവാനുള്ള അവന്റെ കുടിലതന്ത്രം. സാത്താന് ഇടം കൊടുക്കന്നവരിൽ നിന്ന് ദൈവത്തിലുള്ള അവസാന പ്രതീക്ഷയും അവൻ പറിച്ചെടുക്കുന്നു. ശിംശോൻ തന്റെ ഹൃദയം മുഴുവൻ ദെലീലയ്ക്ക് സമർപ്പിച്ചു! ഇപ്പോൾ അവൻ അവളുടെ നിയന്ത്രണത്തിലായി. സാത്താൻ അവളിലൂടെ അവനെ പൂർണ്ണമായും കീഴടക്കി. അവൻ തന്റെ ദൈവവിളി മറന്നു. പിശാചിന്റെ മടിയിൽ ഉറങ്ങാൻ കിടന്നു. അവൻ എഴുന്നേറ്റ് ദൈവത്തെ സഹായത്തിനായി വിളിച്ച് 'വേണ്ട, ഞാൻ വ്യത്യസ്തനാണ്, ഞാൻ ദൈവത്തിന്റേതാണ്' എന്ന് പൈശാചികമനസ്സുള്ള ആ സ്ത്രീയോട് പറയാമായിരുന്നു.

ഏവരുടെയും ഹൃദയം യേശുവിനായി ദാഹിച്ചുകൊണ്ടേയിരിക്കട്ടെ. സഹായത്തിനായി നിലവിളിക്കുന്ന ആരെയും രക്ഷിക്കാൻ ദൈവം ശക്തനാണ്. തങ്കലാശ്രയിക്കുന്നവരെ അവിടുന്ന് അറിയുന്നു. സാത്താന്റെ തടവറയിൽ അടയ്ക്കപ്പെടാതിരിക്കുവാൻ ഏകമാർഗ്ഗം പാപത്തിനും ലോകമോഹങ്ങൾക്കും ജഡത്തിനും മരിക്കുക എന്നതാണ്! സാത്താൻ നശിപ്പിച്ചു കൊണ്ടിരിക്കുന്ന ഈ ലോകത്തിന് യേശുക്രിസ്തു ഒഴികെ മറ്റൊരു പ്രത്യാശയുമില്ല. യുവാക്കളുടെ മനസ്സിലും ഹൃദയത്തിലും ദൈവവചനസത്യം സംഗ്രഹിക്കുക എന്നത് മാത്രമാണ് ഏക പരിഹാരം. അത് അവരിൽ ദൈവഭയം ഉളവാക്കുകയും പിശാചിന്റെ തന്ത്രങ്ങളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും സംരക്ഷിക്കുകയും ചെയ്യും. ദൈവത്തോട് പാപം ചെയ്യാതിരിക്കേണ്ടതിന് പരിശുദ്ധാത്മാവിനാൽ പ്രകാശിപ്പിക്കപ്പെടുന്ന തിരുവെഴുത്തുകൾ, ഹൃദയത്തിൽ സംഗ്രഹിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. •

## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ



ജോയ് എം. തോമസ്

# കപടഭക്തിയും ദുരുപദേശവും

***ആരെങ്കിലും മന്ദിരത്തെച്ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല എന്നും മന്ദിരത്തിലെ സ്വർണ്ണത്തെച്ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ എന്നും പറയുന്ന കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾക്കു ഹാ കഷ്ടം. മൂഢന്മാരും കുരുടന്മാരുമായുള്ളോരേ, ഏതു വലിയത്? സ്വർണ്ണമോ സ്വർണ്ണത്തെ ശുദ്ധീകരിക്കുന്ന മന്ദിരമോ? യാഗപീഠത്തെച്ചൊല്ലി സത്യം ചെയ്താൽ ഏതുമില്ല; അതിന്മേലുള്ള വഴിപാടു ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ എന്നു നിങ്ങൾ പറയുന്നു. കുരുടന്മാരായുള്ളോരേ, ഏതു വലിയത്? വഴിപാടോ വഴിപാടിനെ ശുദ്ധീകരിക്കുന്ന യാഗപീഠമോ? ആകയാൽ യാഗപീഠത്തെച്ചൊല്ലി സത്യം ചെയ്യുന്നവൻ അതിനെയും അതിന്മേലുള്ള സകലത്തെയും ചൊല്ലി സത്യം ചെയ്യുന്നു. മന്ദിരത്തെച്ചൊല്ലി സത്യം ചെയ്യുന്നവൻ അതിനെയും അതിൽ വസിക്കുന്നവനെയും ചൊല്ലി സത്യം ചെയ്യുന്നു. സ്വർഗ്ഗത്തെച്ചൊല്ലി സത്യം ചെയ്യുന്നവൻ, ദൈവത്തിന്റെ സിംഹാസനത്തെയും അതിൽ ഇരിക്കുന്നവനെയും ചൊല്ലി സത്യം ചെയ്യുന്നു (മത്തായി 23:16 - 22)***

**ദൈ**വഭക്തിയും സത്യസന്ധതയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥ ദൈവഭക്തൻ അഥവാ ദൈവഭയമുള്ളവൻ സത്യസന്ധനായിരിക്കും. ദൈവത്തിന്റെ മാറ്റമില്ലാത്ത നിത്യസ്വഭാവത്തിൽ ഒന്നാണ് അവിടുന്ന് സത്യവാൻ എന്നത്. വാസ്തവത്തിൽ സത്യത്തിന്റെ പൂർണ്ണതയാണ് ദൈവം. ഭോഷ്ക് ദൈവം വെറുക്കുന്നു. അതുകൊണ്ട് ദൈവമക്കൾ സത്യം ഇഷ്ടപ്പെടുന്നവരും സത്യത്തിൽ നിലനിൽക്കുന്നവരും ആകണം എന്നതാണ് ദൈവഹിതം.

പിശാച് ഭോഷ്ക് പറയുന്നവനും ഭോഷ്കിന്റെ അപ്പനും ആകുന്നു എന്ന് യേശുകർത്താവ് അരുളിച്ചെയ്തിരിക്കുന്നു (യോഹന്നാൻ 8 :44). പിശാച് ഭോഷ്കിനാൽ ആണ് മനുഷ്യനെ വഞ്ചിച്ചത്; ഇപ്പോഴും വഞ്ചിക്കുന്നത്. ചതിവും വഞ്ചനയും ഉപയോഗിച്ച് പോരാടുന്ന പിശാചിന്റെ ശക്തിതന്നെ, അവന്റെ ഭോഷ്ക് ആണ്. അതുകൊണ്ട് അവനോട് എതിർത്തുനിൽക്കുവാൻ, സത്യം അരക്കച്ചയായി ധരിക്കുവാൻ നമ്മെ ഉപദേശിച്ചിരിക്കുന്നു (എഫെസ്യർ 6:14)

കപടഭക്തർ പിശാചിന്റെ കയ്യിലെ പാവകൾ ആണ്. കപടഭക്തർ സ്വയം വഞ്ചിക്കുന്നവരും മറ്റുള്ളവരെ വഞ്ചിക്കുന്നവരും ആണ്. അവരുടെ സ്വാർത്ഥ താൽപര്യങ്ങൾ സംരക്ഷിക്കുവാനും മറ്റുള്ളവരെ കബളിപ്പിക്കുവാനും ദൈവവചനത്തെ കോട്ടിക്കളഞ്ഞ് ദുരുപദേശങ്ങൾ സത്യവചനം എന്നപോലെ ജനങ്ങളെ പഠിപ്പിക്കുന്നു. പരീശന്മാരുടെയും ശാസ്ത്രിമാരുടെയും ഉപദേശത്തിലെ കപടം കർത്താവ് മറനീക്കി നമ്മെ കാണിച്ചുതന്നു.

സത്യം ചെയ്യുന്നതാണ് ഇവിടുത്തെ വിഷയം. സത്യവാനായ ദൈവം സത്യസന്ധത നിർബന്ധമായും നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു. 'ഉവ്വ്', 'ഇല്ല' അത്രമാത്രമേ നമ്മുടെ വാക്കുകൾ ആയിരിക്കാവൂ എന്നാണ് കർത്താവ് നമ്മെ പഠിപ്പിക്കുന്നത് (മത്തായി 5:37). വാക്കുകൾക്കു വളരെ വ്യക്തത ഉണ്ടായിരിക്കണം. വളച്ചൊടിച്ച രീതി ആകരുത്. ഹൃദയത്തിൽ പരമാർത്ഥതയും

വാക്കുകളിൽ നേരും ഒരുമിച്ച് പോകുന്നവയാണ്. അപ്രകാരം ആയിരിക്കണം ഒരു ദൈവഭക്തൻ. അല്ലാത്തവർ ദൈവവിശ്വാസികളായി അറിയപ്പെടുന്നവരാകാം, പക്ഷേ അവർ കപടഭക്തരാണ്.

ചതിക്കരുത്, ഒരുത്തനോട് ഒരുത്തൻ ഭോഷ്ക് പറയരുത്. എന്റെ നാമത്തെ കൊണ്ട് കള്ളസത്യം ചെയ്തു നിന്റെ ദൈവത്തിന്റെ നാമം അശുദ്ധമാക്കരുത് (ലേവ്യപുസ്തകം 19 :11,12) എന്ന ദൈവ കൽപ്പന ശക്തമായി നിലനിൽക്കുന്നു. സത്യം ചെയ്യേണ്ടത് ദൈവനാമത്തിലാണ്. സത്യവാനായ ദൈവത്തിന്റെ നാമത്തിൽ ചെയ്യുന്ന സത്യം 100% സത്യമായിരിക്കണം. നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ട് അവനെ സേവിക്കണം, അവന്റെ നാമത്തിൽ സത്യം ചെയ്യണം (ആവർത്തനം 6 :13) എന്ന് ദൈവം കൽപ്പിച്ചിരിക്കുന്നു. 'നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്, വൃഥാ തന്റെ നാമം എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല' എന്ന ശക്തമായ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അതുകൊണ്ട് ഒരുവൻ മറ്റൊരുവനോട് പറയുന്ന വാക്കുകൾ നേരുള്ളതായിരിക്കണം, വാഗ്ദാനങ്ങൾ നിവർത്തിക്കണം.

ദൈവത്തോട് പറയുന്ന വാക്കുകൾ ആണ് നേർച്ചകൾ എന്ന് പറയുന്നത്. 'നിന്റെ ദൈവമായ യഹോവയ്ക്ക് നേർച്ച നേർന്നാൽ അതു നിവർത്തിപ്പാൻ താമസം വരുത്തരുത്; അങ്ങനെ ചെയ്താൽ നിന്റെ ദൈവമായ യഹോവ നിന്നോടു ചോദിക്കും; അതു നിങ്കൽ പാപമായിരിക്കും. നേരാതിരിക്കുന്നതു പാപം ആകയില്ല. നിന്റെ നാവിന്മേൽ നിന്നു വീണതു നിവർത്തിക്കയും വായ്കൊണ്ടു പറഞ്ഞ സ്വമേധാദാനം നിന്റെ ദൈവമായ യഹോവയ്ക്കു നേർന്നതുപോലെ നിവർത്തിക്കയും വേണം' (ആവർത്തനം 23:21-23). നിവർത്തിക്കേണ്ടതിന് പൂർണ്ണമനസ്സോടെ തീരുമാനിച്ചുറയ്ക്കുന്ന കാര്യങ്ങൾ മാത്രമാണ് ദൈവമുമ്പാകെ ഉച്ചരിക്കേണ്ടത്. വികാരാവേശത്താലോ കാര്യസാദ്ധ്യതയ്ക്കുള്ള ഉപായമോ ഹൃദയങ്ങളെ ആരാഞ്ഞ് ശോധന ചെയ്യുന്ന ദൈവമുമ്പാകെ പറയുവാൻ പാടില്ല. ജ്ഞാനിയായ ശലോമോൻ ഇങ്ങനെ കുറിക്കുന്നു: 'അതിവേഗത്തിൽ ഒന്നും പറയരുത്; ദൈവസന്നിധിയിൽ ഒരു വാക്ക് ഉച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്; ദൈവം സ്വർഗ്ഗത്തിലും നീ ഭൂമിയിലും അല്ലോ; ആകയാൽ നിന്റെ വാക്ക് ചുരുക്കമായിരിക്കട്ടെ. കഷ്ടപ്പാടിന്റെ ആധിക്യംകൊണ്ട് സ്വപ്നവും വാക്കുപെരുപ്പംകൊണ്ട് ഭോഷന്റെ ജല്പനവും ജനിക്കുന്നു. ദൈവത്തിന് നേർച്ച നേർന്നാൽ കഴിപ്പാൻ താമസിക്കരുത്; മൂഢന്മാരിൽ അവനു പ്രസാദമില്ല; നീ നേർന്നതു കഴിക്ക. നേർന്നിട്ട് കഴിക്കാതെയിരിക്കുന്നതിനെക്കാൾ നേരാതെയിരിക്കുന്നതു നല്ലത്. നിന്റെ വായ് നിന്റെ ദേഹത്തിനു പാപകാരണമാകരുത്; അബദ്ധവശാൽ വന്നുപോയി എന്നു നീ ദൂതന്റെ സന്നിധിയിൽ പറകയും അരുത്; ദൈവം നിന്റെ വാക്കു നിമിത്തം കോപിച്ചു നിന്റെ കൈകളുടെ പ്രവൃത്തിയെ നശിപ്പിക്കുന്നത് എന്തിന്? സ്വപ്നബഹുത്വത്തിലും വാക്കുപെരുപ്പത്തിലും വ്യർഥത ഉണ്ട്; നീയോ ദൈവത്തെ ഭയപ്പെടുക (സഭാപ്രസംഗി 5 :27).

സത്യത്തെ സംബന്ധിച്ച് ശക്തമായ ദൈവ കൽപ്പന നിലനിൽക്കുമ്പോൾ കപടഭക്തരായ പരീശന്മാരും ശാസ്ത്രിമാരും ജനത്തെ എന്താണ് പഠിപ്പിച്ചത്? യഹോവയുടെ നാമത്തിൽ സത്യം ചെയ്താൽ മാത്രമാണ് അത് നിവർത്തിക്കുവാൻ പൂർണ്ണ ബാധ്യസ്ഥരാകുന്നത്. ദൈവാലയത്തെ ചൊല്ലി സത്യം ചെയ്താൽ നിവർത്തിച്ചില്ല എങ്കിലും സാരമില്ല. ദൈവാലയത്തിലുള്ള സ്വർണ്ണത്തെ ചൊല്ലി സത്യം ചെയ്താൽ മാത്രമേ കടക്കാരൻ ആവുന്നുള്ളൂ. കർത്താവ് അവരോട് ചോദിക്കുന്നു: (കുറിവാക്യം നോക്കുക). ഇപ്രകാരം തന്നെ യാഗപീഠം, സ്വർഗ്ഗം, ഇവയെ ചൊല്ലി സത്യം ചെയ്യുകയും അതിനു ശേഷം സാരമില്ല എന്ന് വാദിക്കുകയും ചെയ്യുന്ന കാപട്യമാണ് അവർ അനുവർത്തിച്ചിരുന്നത്. കർത്താവ് അവരുടെ തെറ്റായ വാദത്തെയും ഉപദേശത്തെയും ഖണ്ഡിച്ചു കളഞ്ഞിരിക്കുന്നു. സത്യം ചെയ്യുന്നത് പറഞ്ഞ വാക്ക് ഉറപ്പിക്കാൻ വേണ്ടിയാണ്. സത്യം ചെയ്താലും ഇല്ലെങ്കിലും പറഞ്ഞ വാക്ക് നിലനിൽക്കുന്നു. സാരമില്ലാത്തത് ഒന്നുമില്ല. യഥാർത്ഥ ദൈവഭക്തർ വാക്ക് പാലിക്കുന്നവരായി, സത്യസന്ധരായിരിക്കണം എന്നത് ഗൗരവമായി തന്നെ കാണണം.

കാലാകാലങ്ങളിൽ കപടഭക്തരായ മതനേതാക്കൾ ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിച്ച് കോട്ടിക്കളയുവാൻ ശ്രമിച്ചിട്ടുണ്ട്. ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ കൽപ്പനകൾ മാറ്റമില്ലാത്തവയാണ്. ദൈവവചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു. ദൈവവചനത്തിന്റെ അന്ത:സത്ത മനസ്സിലാക്കുവാനും അതിൽ മായം കലർത്താതെ പഠിപ്പിക്കുവാനും കഴിയുന്ന സത്യസന്ധരായ ഉപദേഷ്ടാക്കന്മാർ

ഇന്നത്തെ ക്രിസ്തീയസഭയ്ക്ക് ഏറ്റവും അത്യാവശ്യമാണ്.കടലും കരയും ചുറ്റി നടന്നു ഇത്ര ഉത്സാഹത്തോടെ അവരുടെ മതം പ്രചരിപ്പിച്ച് പുതിയ വ്യക്തികളെ തങ്ങളെ മതത്തിൽ ചേർത്ത് അവരെ തങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യരാക്കുന്ന കപട ഭക്തിക്കാരെ കർത്താവ് തുറന്ന് ശാസിച്ചത് നമുക്ക് ഒരു പാഠം ആയിരിക്കട്ടെ (മത്തായി 23 :14,15).

തെറ്റായ പഠിപ്പിക്കലും തെറ്റായ ജീവിതമാതൃകയും അനുകരിച്ച് പാവങ്ങളെ ഇരട്ടി നരകയോഗ്യരാക്കിത്തീർക്കുന്നു. എന്തുകഷ്ടം! ഇന്ന് ക്രിസ്തീയസമൂഹത്തിലും ഇതുതന്നെ ആവർത്തിക്കുന്നു എന്നത് എത്രപേർ തിരിച്ചറിയുന്നുണ്ട്? ദൈവവചനം ശരിയായ നിലയിൽ മനസ്സിലാക്കണം എന്ന് ആത്മാർത്ഥമായി എത്രപേർ ആഗ്രഹിക്കുന്നുണ്ട്? തെറ്റ് മനസ്സിലാക്കി തിരുത്തുവാനുള്ള മനസ്സും ധൈര്യവും എത്രപേർക്ക് ഉണ്ട്?

കുരുടന്മാരും കപടഭക്തരുമായ ഈ വഴികാട്ടികളുടെ ഉപദേശത്തിന്റെ ദോഷം ചിന്തിക്കുക. യേശുകർത്താവ് ചോദിക്കുന്നു: കുരുടന്മാരായുള്ളോരേ, ഏതു വലിയത്? വഴിപാടോ വഴിപാടിനെ ശുദ്ധീകരിക്കുന്ന യാഗപീഠമോ? ആകയാൽ യാഗപീഠത്തെച്ചൊല്ലി സത്യം ചെയ്യുന്നവൻ അതിനെയും അതിന്മേലുള്ള സകലത്തെയും ചൊല്ലി സത്യം ചെയ്യുന്നു. മന്ദിരത്തെച്ചൊല്ലി സത്യം ചെയ്യുന്നവൻ അതിനെയും അതിൽ വസിക്കുന്നവനെയും ചൊല്ലി സത്യം ചെയ്യുന്നു. സ്വർഗത്തെച്ചൊല്ലി സത്യം ചെയ്യുന്നവൻ ദൈവത്തിന്റെ സിംഹാസനത്തെയും അതിൽ ഇരിക്കുന്നവനെയും ചൊല്ലി സത്യം ചെയ്യുന്നു (മത്തായി 23:18 - 22).

വഴിപാടിന് അമിതപ്രാധാന്യം കൊടുത്തുകൊണ്ട് യാഗപീഠത്തിന്റെ പ്രാധാന്യം കുറച്ചു. സ്വർഗ്ഗത്തിന് അമിതപ്രാധാന്യം കൊടുത്തുകൊണ്ട് ദൈവത്തിന് പ്രാധാന്യം കുറയ്ക്കുന്നു. യേശുവിന്റെ ജനനദിവസത്തിനും, മരണ, പുനരുത്ഥാന ദിവസങ്ങൾക്കും അമിതപ്രാധാന്യം കൊടുത്ത് ആഘോഷിക്കുകയും, യേശുവിനു പ്രാധാന്യം നൽകാതിരിക്കുകയും ചെയ്യുന്നത് ഇന്നും നാം കാണുന്ന വിരോധാഭാസം ആണ്. ആചാരങ്ങൾക്ക് പ്രാധാന്യം കൊടുത്ത് യഥാർത്ഥ വിശ്വാസം അപ്രധാനമാക്കുന്നു. സാമ്പത്തിക ഉയർച്ചയ്ക്ക് പ്രാധാന്യം കൊടുത്ത് നിത്യജീവന്റെ പ്രാധാന്യം കുറയ്ക്കുന്നു. ഇങ്ങനെ പലതും. ഇനി നമ്മിലേക്ക് തന്നെ നോക്കാം. എവിടെയെല്ലാം നമുക്ക് ഈ ഭോഷത്തം സംഭവിക്കുന്നുണ്ട് എന്ന് തിരിച്ചറിയുക. കപടഭക്തിയിലേക്കും തെറ്റായ ഉപദേശങ്ങളിലേക്കും വഴുതിപ്പോകാതെ നമുക്ക് നമ്മെത്തന്നെ സൂക്ഷിക്കാം.അതിനായി ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കാം •

## 17 നശീകരണത്തിന്റെ ഗെയിം

കുട്ടികളെ വളർത്തുമ്പോൾ അവർക്ക് സ്നേഹവും കരുതലും സംരക്ഷണവും കൊടുക്കുന്ന അതേ അളവിൽ ശാസനയും ശിക്ഷണവും നൽകണം. മാതാവും പിതാവും ചേർന്ന് വളർത്താൻ കഴിയാത്ത സാഹചര്യം (സിംഗിൾ പേരന്റിംഗ്) ആണും പെണ്ണുമായി ഒരു കുട്ടി മാത്രമുള്ള സാഹചര്യം, ഭർത്താവിൽ നിന്ന് പ്രതീക്ഷിക്കുന്ന സ്നേഹവും കരുതലും ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ അമ്മ ഒരു കുട്ടിയോട് കാണിക്കുന്ന അമിതലാളനയും പറ്റിച്ചേരലും, എന്തെങ്കിലും രോഗത്തിന്റെയോ അപകടത്തിന്റെയോ മറ്റോ പശ്ചാത്തലത്തിൽ കുട്ടിക്ക് അമിതമായി സ്നേഹം നൽകി വളർത്താൻ ശ്രമിക്കൽ, അമ്മയ്ക്കോ അപ്പനോ ചെറുപ്പത്തിൽ ആഗ്രഹിച്ചിട്ടും സ്നേഹം ലഭിച്ചില്ല എന്നതിന് പകരമായി കുട്ടിക്കു അമിതപരിലാളന നൽകുന്നത്, എന്നിങ്ങനെയുള്ള സാഹചര്യങ്ങളിൽ വളരുന്ന കുട്ടികൾ തോന്നിയ വഴികളിൽ സഞ്ചരിക്കുക സ്വാഭാവികമാണ്. കൗമാരത്തിൽ എത്തുമ്പോഴേക്കും അവരിലുള്ള സർവ്വനിയന്ത്രണങ്ങളും മാതാപിതാക്കൾക്കു നഷ്ടമാകും.

എന്നാൽ കൗൺസലിംഗിൽ വിദഗ്ധ പരിശീലനം ലഭിച്ച ഒരാളുടെ ക്രമീകൃതമായ ഇടപെടലിലൂടെ ഇത്തരം കുട്ടികളിൽ പലരെയും രക്ഷിക്കുവാൻ സാധിക്കും. അവരെ കരകയറ്റാൻ സഭാപരമായും സംഘടനാപരമായും ചിട്ടയായ ബോധവൽക്കരണ ക്ലാസുകൾ അനിവാര്യമാണ്. ഒപ്പം വചനത്തിലുറപ്പിക്കേണ്ടതും അനിവാര്യമെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. പിശാച് ഒരു തലമുറയെ വഴിതെറ്റിക്കാൻ കിണഞ്ഞ് പരിശ്രമിക്കുമ്പോൾ അവർക്ക് വേണ്ടി ഇടിവിൽ നിന്ന് പ്രാർത്ഥിക്കാൻ മാതാപിതാക്കൾ തയ്യാറാവണം. അവരെ ദൈവഭയത്തിലും ആത്മീയതയിലും ശിക്ഷണത്തിലും വളർത്തിയാൽ ദുഷ്പ്രവണതകളിലേക്ക് ചായുന്ന ഘട്ടത്തിൽത്തന്നെ അവരെ കൈപിടിച്ചുയർത്തുവാൻ കഴിയും. ആ ഉത്തരവാദിത്തം ഇന്നത്തെ കാലഘട്ടത്തിൽ അനിവാര്യമാണ്. •



സുജ വിനു



# ജീവന്റെ വചസ്സുകൾ

പതിമൂന്നാം വയസ്സിൽ കടലോളങ്ങളുടെ താളത്തിനൊപ്പം സർഫ് ചെയ്തു വിനോദിച്ചുകൊണ്ടിരിക്കെ, 'കടുവാസ്രാവ്' എന്നറിയപ്പെടുന്ന വമ്പൻ മത്സ്യം ബേഥനി ഹാമിൽട്ടന്റെ ഇടതുകരം തോൾ മുതൽ കടിച്ച് മുറിച്ചെടുത്തു കൊണ്ട് കടലാഴത്തിലേക്ക് മറഞ്ഞു. കടൽത്തീരം മുതൽ അനേക കാതങ്ങൾ അകലെയുള്ള ആശുപത്രി വരെ ബേഥനി ഉരുവിട്ടത് ഒരേ ഒരു വാചകം മാത്രം. 'നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലം കൈ പിടിച്ച് നിന്നോട് ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും എന്ന് പറയുന്നു'(യെശയ്യാവ് 41 : 13 )

ശരീരത്തിൽ നിന്ന് 60% രക്തം വാർന്നുപോയിട്ടും, ഇടതുകൈ പൂർണ്ണമായും നഷ്ടപ്പെട്ട ബേഥനി വെറും 26 ദിവസത്തിന് ശേഷം പിന്നെയും കടൽ തിരമാലകളിലേക്ക് തിരിച്ചുവന്നു. യഹോവ അവളുടെ വലതു കരം പിടിച്ചിരുന്നു. അവൾ കീഴടക്കാത്ത സർഫിംഗ് മത്സരങ്ങൾ ഇല്ല. അവളെ കേന്ദ്ര കഥാപാത്രമാക്കി സിനിമകളും പുസ്തകങ്ങളും ടെലിവിഷൻ സീരീസുകളും സൃഷ്ടിക്കപ്പെട്ടു.

1990 ഫെബ്രുവരിയിൽ അമേരിക്കയിൽ ഹവായി എന്ന സ്ഥലത്ത് ജനിച്ച ബേഥനി ഒരു ക്രിസ്ത്യൻ സർഫിങ് കുടുംബത്തിലെ അംഗമായിരുന്നു. ദൈവത്തിന്റെ വചനം ജീവനായി ഭവിക്കും എന്ന് ഉറപ്പായും വിശ്വസിച്ചവർ. യുവക്രിസ്ത്യൻ മിഷനറിയായി പ്രവർത്തിച്ചിരുന്ന ആഡം ഡേർക്സ് എന്നയാളെ വിവാഹം ചെയ്തു നാല് കുട്ടികളുടെ അമ്മയായ ബേഥനി ഇന്ന്, ലോകം അറിയപ്പെടുന്ന ക്രിസ്തീയ വചനപ്രഘോഷകയാണ്. ഉടൽ മുഴുവൻ അഴുകി നാറ്റം വച്ചിരുന്ന ലാസറിന് ജീവൻ പകർന്നു നൽകപ്പെട്ടതിനാൽ, പ്രശസ്തമായ ബൈബിൾ ദേശത്തിന്റെ പേര് വഹിക്കുന്ന ബേഥനിക്ക് പുതുജീവൻ പകർന്നുനൽകിയത്, ദൈവത്തിന്റെ വചനമാണ്.

ജോനി എറിക്സൺ ടാഡ എന്ന കായികതാരത്തിന്റെ സ്വപ്നങ്ങളെ തകർത്തെറിഞ്ഞുകൊണ്ട് പതിനേഴാം വയസ്സിൽ അപകടം അവളുടെ നട്ടെല്ലുകളെ തളർത്തിയപ്പോൾ, ജീവിതത്തിലേക്ക് ജോനിയെ തിരികെ കൊണ്ടുവന്നത്, ആശുപത്രിയിൽ, കൂട്ടുകാരിയിൽ നിന്ന് കേട്ട ദൈവവചനത്തിന്റെ ശക്തി തന്നെ. പരാതിയും പിണക്കവുമായി, മരിക്കാൻ മാത്രം ആഗ്രഹിച്ച്, ഭക്ഷണവും മരുന്നുകളും കഴിക്കാൻ മടിച്ച് വാശി കാണിച്ചിരുന്ന, ജോനിയെ 'നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെവേദനകളെ അവൻ ചുമന്നു' (യെശയ്യാവ് 53: 4) എന്ന വചനം പുതുചിന്തകളിലേക്ക് തിരിച്ചുവിട്ടു.

ക്രിസ്തു തനിക്കുവേണ്ടി ഏറ്റ വേദനകൾ, കൂട്ടുകാരി വർണ്ണിക്കുമ്പോൾ, തന്റെ ഹൃദയത്തിൽ എന്തോ സംഭവിക്കുന്നത് അറിയുന്നുണ്ടായിരുന്നു ജോനി. ക്രിസ്തുവിന്റെ വചനത്തെ കൂടുതൽ അറിയുന്തോറും കൂടുതൽ സൗഖ്യം വ്യാപരിക്കുന്നത്, അവൾക്ക് ബോധ്യമാകുന്നുണ്ടായിരുന്നു. ആശുപത്രി വിടുന്നതിനുമുമ്പേ ക്രിസ്തുവിന് വേണ്ടി ജീവിക്കുവാനുള്ള തീരുമാനം അവൾ എടുത്തു കഴിഞ്ഞിരുന്നു. ഇന്ന് 75-ാം വയസ്സിലും തന്റെ ചക്രക്കസേരയിൽ ലോകം മുഴുവൻ സഞ്ചരിച്ച് സുവിശേഷം പറയുന്ന ജോനി, ദൈവവചനത്തിന്റെ അത്ഭുതശക്തിയുടെ ജീവിക്കുന്ന സാക്ഷിയാണ്.

തന്റെ രണ്ടാമത്തെ മകന് മൂന്നു വയസ്സ് പ്രായമുള്ളപ്പോൾ ഭർത്താവ് മരിച്ചുപോയ ആനിയെന്ന സാധാരണ മലയാളി വനിതയുടെ സാക്ഷ്യവും ദൈവവചനം ഒരു വ്യക്തിയിൽ പുതുജീവൻ പകരുന്നതാണ് എന്ന് വിളിച്ച് പറയുന്നു. 'എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും... പെരുവെള്ളം കവിഞ്ഞു വരുമ്പോൾ അത് എന്റെ അടുക്കലോളം വരികയില്ല എന്ന 32 ാം സങ്കീർത്തനത്തിലെ വരികൾ, തന്റെ ജീവിതം കഷ്ടപ്പാടുകളുടെ പെരുവെള്ളത്തിൽ മുങ്ങിപ്പോകുമോ എന്ന് തോന്നിയപ്പോൾ, രക്ഷാ വചനമായി ആനിയുടെ ജീവിതത്തിലേക്ക് വന്നതായി അവൾ പറയുന്നു. ലംഘനങ്ങൾ മാത്രമല്ല തന്റെ ജീവിതത്തിന്റെ എല്ലാ പ്രയാസങ്ങളും അവൾ ക്രിസ്തുവിലേക്ക് പകർന്ന് തുടങ്ങിയത്, ഈ വചനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു കൊണ്ടാണ്.

രണ്ടു പിഞ്ചുകുഞ്ഞുങ്ങളെ ചേർത്തുപിടിച്ച് നഴ്സിങ് പഠനം പൂർത്തിയാക്കി, ജോലിയിൽ ഏർപ്പെട്ട ആനിയുടെ മകൻ, ഇന്ന് തിരുവനന്തപുരം വ്യോമ ഗവേഷണകേന്ദ്രത്തിൽ ശാസ്ത്രജ്ഞനാണ്, ഒപ്പം സുവിശേഷ പ്രവർത്തകനും. ക്രിസ്തീയ കൂട്ടായ്മകളിൽ വചനം പങ്കുവെയ്ക്കുന്ന ആനി, അനേകരെ വചനത്തിന്റെ ആശ്വാസത്തിലേക്കും അർത്ഥപൂർണ്ണമായ ജീവിതത്തിലേക്ക് കൈപിടിച്ച് നടത്തിക്കൊണ്ടിരിക്കുന്നു.

'നിന്റെ ഭാരങ്ങളെ അവന്റെ മേൽ ഇട്ടുകൊള്ളുക, അവൻ നിന്നെ കരുതുന്നവൻ' എന്ന വചനത്തെ അതിന്റെ ആക്ഷരികാർത്ഥത്തിൽ തന്നെ എടുത്ത്, ഓരോ ദിവസവും തന്റെ പ്രാർത്ഥനാവേളയിൽ ഭാരപ്പെടുത്തുന്ന എല്ലാറ്റിനെയും, കരുതുന്നവന്റെ കാൽപാദത്തിലേക്ക് ഇട്ടുകൊടുത്ത്, സ്വസ്ഥത പ്രാപിക്കുന്ന ഒരു വിശ്വാസി സഹോദരിയെ എനിക്കറിയാം.

**തിരുവെഴുത്തുകൾ സമ്പൂർണ്ണമാണ്, അതു പ്രാണനു നവജീവൻ നൽകുന്നു... തിരുവചന പ്രമാണങ്ങൾ കുറ്റമറ്റവയാണ്, അതു ഹൃദയത്തിന് ആനന്ദമേകുന്നു.**
**വചനം നൽകുന്ന ആജ്ഞകൾ പ്രകാശപൂരിതമാകുന്നു, അതു കണ്ണുകൾക്ക് വെളിച്ചമേകുന്നു.**

ബിരുദപഠന നാളുകളിൽ, പെട്ടെന്ന് ഒരു ദിവസം ഒരു നാടകത്തിൽ ആട്ടിടയ ബാലന്റെ വേഷം അഭിനയിക്കേണ്ടി വന്ന ഒരു പെൺകുട്ടിയുടെ അനുഭവം, ഇങ്ങനെ ആയിരുന്നു. 'ഞാൻ ഇറങ്ങി വന്നപ്പോൾ എല്ലാവരും എന്നെ അഭിനന്ദനങ്ങൾ കൊണ്ടു മൂടി, ഞാൻ എന്തെങ്കിലും ചെയ്തതോ പറഞ്ഞതോ എനിക്കോർമ്മയില്ല. യഹോവയിൽ ആശ്രയിക്കുന്നവർ ഒരുനാളും ലജ്ജിക്കുകയില്ല എന്ന വചനം നിർത്താതെ ഉരുവിട്ടുകൊണ്ടിരിക്കുക മാത്രമായിരുന്നു ഞാൻ'.

പ്രിയ സഹോദരിമാരെ, വചനം ജീവവചസ്സുകളാണ്. തിരുവെഴുത്തുകൾ സമ്പൂർണ്ണമാണ്, അതു പ്രാണനു നവജീവൻ നൽകുന്നു. വചനത്തിന്റെ നിയമവ്യവസ്ഥകൾ വിശ്വാസയോഗ്യമാണ്, അതു ബുദ്ധിഹീനരെ ജ്ഞാനികളാക്കുന്നു. തിരുവചനപ്രമാണങ്ങൾ കുറ്റമറ്റവയാണ്, അതു ഹൃദയത്തിന് ആനന്ദമേകുന്നു. വചനം നൽകുന്ന ആജ്ഞകൾ പ്രകാശപൂരിതമാകുന്നു, അതു കണ്ണുകൾക്ക് വെളിച്ചമേകുന്നു.

വചനം വിശ്വസിക്കുമ്പോൾ ഉളവാകുന്ന ഭക്തി നിർമ്മലമായത്, അത് എന്നെന്നേക്കും നിലനിൽക്കുന്നു. അതു സ്വർണത്തെക്കാളും തങ്കത്തെക്കാളും അമൂല്യമായവ; അതു തേനിനെക്കാളും തേനടയിലെ തേനിനെക്കാളും മാധുര്യമേറിയത്. അവയാൽ നമുക്ക് ശാസനം ലഭിക്കുന്നു; അവയെ പ്രയോഗികമാക്കുന്നതിൽ മഹത്തായ പ്രതിഫലമുണ്ട്. ജീവൻ സമൃദ്ധിയായി ഉണ്ടാകുവാനുള്ള മാർഗ്ഗം, വചനധ്യാനമാണ്. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ ജീവൻ സ്വജീവിതത്തിൽ നിറയ്ക്കാൻ, വചനം നമ്മെയും ശക്തരാക്കട്ടെ! •

കണ്ണുകളിൽ എന്റെ പ്രിയൻ മാത്രം; എന്റെ ഹൃദയത്തിലും എന്റെ പ്രിയൻമാത്രം!അപ്പോഴാണ് എന്റെ കാന്തന് എന്റെ പ്രേമം ലഹരിയാകുന്നത്. കാന്തൻ ശൂലേമിയെ വിളിക്കുന്നത് ശ്രദ്ധിച്ചോ? 'എന്റെ സഹോദരീ, എന്റെ കാന്തേ' 'സഹോദരി' എങ്ങനെ 'കാന്ത' ആകും? ശരിക്കും കുഴയ്ക്കുന്ന ഒരു ചോദ്യമാണിത്. ഇതൊരു മാനുഷികപ്രണയമാണെങ്കിൽ സഹോദരി, കാന്തയാകുന്നത് അഭിലഷണീയമല്ല.

എന്നാൽ, യേശുവുമായുള്ള സഭയുടെ ദിവ്യബന്ധം ഒരു ബഹുമുഖബന്ധമാണ്. യേശു എനിക്കു സഹോദരനും കാന്തനും സുഹൃത്തും പിതാവും മാതാവും യജമാനനും എല്ലാം എല്ലാമാണ്. സൃഷ്ടിയിൽ അവൻ എനിക്കു പിതാവാണ്. വീണ്ടെടുപ്പിൽ അവൻ എന്റെ സഹോദരനാണ്. സീയോൻയാത്രയിൽ അവൻ എന്റെ കൂട്ടാളിയാണ്. ജീവിതത്തിൽ അവൻ എന്റെ യജമാനനാണ്. സഹവാസത്തിൽ അവൻ എന്റെ പ്രാണേശ്വരനാണ്... 'വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവർക്കും എല്ലാം ഒരുവനല്ലോ പിതാവ്; അതു ഹേതുവായി അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കാൻ ലജ്ജിക്കുന്നില്ല' (എബ്രായർ 2:11). യേശുവിനൊഴികെ മറ്റൊരാൾക്കും എന്റെ 'എല്ലാമെല്ലാ'മാകാൻ കഴിയില്ല.

'അല്ലയോ കാന്തേ, നിന്റെ അധരം തേൻകട്ട പൊഴിക്കുന്നു; നിന്റെ നാവിൻകീഴെ പാലും ഉണ്ട്'. ഇവിടെയും കാന്തനും കാന്തയും തമ്മിലുള്ള പ്രേമത്തിന്റെ അഗാധബഹിർസ്ഫുരണമാണു ദൃശ്യമാകുന്നത്. ശലോമോനു കാഴ്ചയായിരുന്നത് കാന്തന് അനുഭവമാകുന്നു. എന്നാലിവിടെ പ്രയോഗീകമായി ചില കാര്യങ്ങളും നമുക്കു പഠിക്കാനുണ്ട്. 'നിന്റെ അധരം തേൻകട്ട പൊഴിക്കുന്നു' ഒരു ക്രിസ്ത്യാനിയുടെ അധരത്തിൽ നിന്നു പൊഴിഞ്ഞിറങ്ങേണ്ടത് 'തേൻകട്ട'യാണ്. ആരും അവന്റെ അധരത്തിലേക്ക് തേൻ ഒഴിച്ചുകൊടുക്കയല്ല എന്നോർക്കണം. അത് ഉള്ളിൽ നിന്ന് ഒലിച്ചിറങ്ങുക തന്നെ വേണം- ചിന്തകളുടെ തേൻകൂട്ടിൽ നിന്ന് വാക്കുകളാകുന്നു. നിന്റെ നാവിൻകീഴിൽ' പാലും തേനും ഉണ്ട്. നാവിന്മേലുള്ള വാക്കും (words upon the tongue), നാവിൻകീഴെയുള്ള വാക്കും (words under the tongue) വ്യത്യസ്തമാണ്. മിക്കവരുടെയും വാക്കുകൾ 'നാവിന്മേ'ലാണ്- പറയുന്നതിനപ്പുറത്ത് ആഴത്തിൽ അവർക്ക് ഒന്നുമില്ല; അല്ലെങ്കിൽ പറയുന്നതിന്റെ ആഴത്തിൽ അവർക്കുള്ളത് മറ്റൊന്നാണ്. അധരത്തിലെ വാക്കുകളിൽ അവർ മധുരം പുരട്ടിയിരിക്കാം. എന്നാൽ നാവിൻകീഴിൽ ചിന്തയുടെ ലോകത്ത്- ഹൃദയത്തിൽ അവർ കൈപ്പ് ഒളിപ്പിച്ചുവെച്ചിരിക്കുന്നു. ക്രിസ്ത്യാനികളും പലപ്പോഴും അങ്ങനെയായിപ്പോകുന്നു. അവർ എന്താണോ അതല്ല, വേറെന്തോ ആണ് അവർ മറ്റുള്ളവർക്കു മുൻപിൽ പ്രദർശിപ്പിക്കുന്നത്. അങ്ങനെയുള്ളവരെയാണു യേശു 'കപടഭക്തർ' എന്നു വിളിച്ചത്. വാക്കുകൾക്കപ്പുറത്ത് ഹൃദയത്തിന്റെ ആഴത്തിൽ നമ്മിലുള്ളത് മധുരമോ, കയ്പോ?

ചിന്തകളുടെ ലോകം തേൻകൂടാണോ, അതോ കയ്പ്പുറവയാണോ എന്നതനുസരിച്ച് വാക്കുകൾ തേനോ വിഷമോ ആകും. വാക്കുകൾ തേൻതുള്ളിയാകണമെങ്കിൽ ചിന്തകൾ തേൻകൂടായിരിക്കണം. ബ്രഡ്ഡിലേക്ക് പിന്നീട് ജാം പുരട്ടിക്കൊടുക്കുന്നതുപോലെ, വാക്കുകൾ രൂപപ്പെട്ടുകഴിഞ്ഞ് പിന്നീട് അതിലേക്കു തേൻ ഒഴിച്ചുകൊടുക്കാനാകില്ല; അതുചെയ്യാൻ പാടില്ല. അതിനു നിങ്ങൾ തേനീച്ചയെ വളർത്തുകതന്നെ വേണം സ്പർജൻ പറഞ്ഞു: 'നിങ്ങളുടെ വചനവായന, പ്രാർഥന, ധ്യാനം ഇതൊക്കെ നിങ്ങളുടെ ഉള്ളിൽ മധുനിറയ്ക്കുന്ന തേനീച്ചകളാണ്'. എന്റെ അധരങ്ങൾ തേൻപൊഴിക്കാൻ അതേയുള്ളൂ മാർഗ്ഗം. തേൻകട്ടയിൽ നിന്ന് ഊറിവരുന്ന തേനാണ് ഏറ്റവും ശുദ്ധം. അതു അറിയപ്പെടുന്നതുതന്നെ ജീവമധു (life -honey) എന്നാണ്.

“നിന്റെ വസ്ത്രത്തിന്റെ വാസന ലബാനോന്റെ വാസനപോലെയിരിക്കുന്നു” സുഗന്ധവ്യഞ്ജനങ്ങളുടെ നാടാണ് ലബാനോൻ. കൂടെ കാറ്റിനു സുഗന്ധം പകരാൻ ദേവദാരുക്കളും. യാത്രക്കാരുടെ മനം കുളിർപ്പിക്കുന്ന ഗന്ധമാണ് ലബാനോന്റേത്... ഒരു ക്രിസ്ത്യാനി സുഗന്ധം പരത്തുന്നവനാണ്. എന്നാൽ അവനിൽ നിന്ന് വമിക്കുന്ന പരിമളം ക്രിസ്തുവിന്റേതാണ് (2 കൊരിന്ത്യർ 2:14-16).

ഉത്തമഗീതം 4: 16 ആരാണു പറയുന്നത്? തീർച്ചയായും ഇത് ശൂലേമിയുടെ വാക്കുകളാണ്. 'വടതിക്കാറ്റേ ഉണരുക; തെന്നിക്കാറ്റേ വരിക; എന്റെ തോട്ടത്തിൽ നിന്നു സുഗന്ധംവീശേണ്ടതിന് അതിന്മേൽ ഊതുക'.

വടക്കൻകാറ്റിനും തെന്നിക്കാറ്റിനും പടിഞ്ഞാറൻകാറ്റിനും കിഴക്കൻകാറ്റിനുമെല്ലാം വേദപുസ്ത

കത്തിൽ വ്യത്യസ്ത അർഥങ്ങളുണ്ട്. വടക്കൻകാറ്റിന്റെ പ്രത്യേകത, അത് കാര്യങ്ങളെ തെളിവാക്കുന്നു എന്നതാണ് (ഇയ്യോബ് 37:21,22). തോട്ടത്തിൽ സുഗന്ധവ്യഞ്ജനങ്ങളുടെ ഉള്ളിൽ പരിമളമുണ്ട്. എന്നാൽ പുറംതോടുകൾ അതിനെ അടക്കിവെച്ചിരിക്കുന്നു. ആത്മാവിന്റെ വടതിക്കാറ്റ് എന്റെ തോട്ടത്തിൽ വീശട്ടെ... എന്റെ അജ്ഞതയുടെയും അവിശ്വാസത്തിന്റെയും പുറംതോടുകളെ അത് അടർത്തിക്കളയട്ടെ. ചാരംമൂടിയ കനൽ ആറ്റിത്തെളിക്കട്ടെ... ഇതിനി എന്റെ തോട്ടമല്ല, ഞാൻ അവന്റെ തോട്ടം. എന്റെ പ്രിയൻ തന്റെ തോട്ടത്തിൽ വന്ന് അതിലെ വിശിഷ്ടഫലം ഭുജിക്കട്ടെ. •



## എന്റെ വാർദ്ധക്യ കാലം എങ്ങനെ ആയിരിക്കും?

എന്റെ വാർദ്ധക്യകാലം എങ്ങനെയായിരിക്കുമെന്ന് ചിന്തിച്ച് മാനസിക സമ്മർദ്ദത്തിൽ ജീവിക്കുന്ന ആളുകൾ നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. മാതാപിതാക്കളും മക്കളും തമ്മിൽ നിലനിർത്തേണ്ട സജീവബന്ധത്തെക്കുറിച്ച് യേശുക്രിസ്തു, പരീശന്മാരോട് സംസാരിച്ചതിനെക്കുറിച്ചുള്ളതാണ് ധ്യാനവചനം. മക്കളെ കറവപ്പശുക്കൾ മാത്രമായി കാണുകയും അങ്ങനെ കരുതുകയും ചെയ്യുന്ന മാതാപിതാക്കളും, മാതാപിതാക്കളെ വെറും കറിവേപ്പിലകളായി കാണുന്ന മക്കളും സമൂഹത്തിൽ ഇന്ന് ദൃശ്യമാണ്. വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിൽ എന്നും ക്രൈസ്തവസമൂഹം മുന്നിൽ തന്നെ ആയിരുന്നു. എന്നാൽ ഇക്കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചാൽ അതിന് ഇടിവ് തട്ടിയിട്ടില്ലേ എന്ന് ചിന്തിക്കേണ്ടതുണ്ട്. എല്ലാവരും വാർദ്ധക്യത്തിലെത്തുകയും ശരീരം പല നിലകളിൽ ബലഹീനമായി പോകുന്ന കാലങ്ങൾ വരികയും ചെയ്യാം. എന്നാൽ അപ്പോഴും 'കൂടെ ഇരിക്കാം' എന്നുള്ള വാഗ്ദത്തം കർത്താവ് തന്നത് ഈ സാഹചര്യങ്ങളൊക്കെ മുന്നിൽ കണ്ടുകൊണ്ട് തന്നെ ആയിരിക്കാം. ഉപാധികളില്ലാതെ മാതാപിതാക്കളെ ബഹുമാനിക്കണം എന്നുള്ള കല്പന മക്കൾ ശിരസ്സാവഹിച്ചാൽ പ്രായമായവർ വൃദ്ധസദനങ്ങൾ തേടി പോകാതിരിക്കും. ജനിപ്പിച്ച അപ്പന്റെ വാക്കുകൾ കേൾക്കുക, അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത് എന്നുള്ള വചനം മക്കളും അനുസരിച്ചാൽ ദീർഘായുസ്സും നന്മകളും തന്ന് ദൈവം സഹായിക്കും, അവരെ ആദരിക്കുകയും ചെയ്യും. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

***അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കണം എന്നും ദൈവം കല്പിച്ചുവല്ലോ (മത്തായി 15: 4).***

➤ 10 അപൂർണ്ണ യാഗങ്ങളും പൂർണ യാഗവും

പ്രതിബിംബമായ ശുശ്രൂഷയിലൂടെ ഒരിക്കലും ഇത്ര വലിയൊരു പ്രവേശനം നമുക്ക് ലഭിക്കുകയില്ല. അതുകൊണ്ട് സ്വർഗ്ഗീയമായ കൂടാരം എന്ന് മോശെ പറയുന്നത് സ്വർഗ്ഗത്തെക്കുറിച്ച് തന്നെയാണ്. ദൈവമുമ്പാകെയാണ് യേശുക്രിസ്തുവിന്റെ യാഗം അർപ്പിക്കപ്പെട്ടത്. നമുക്ക് പ്രവേശനം തന്നതും ആ സ്വർഗ്ഗത്തിലേക്ക് തന്നെയാണ്. അങ്ങനെ കർത്താവ് ഒരിക്കലായി നമുക്ക് ശുദ്ധീകരണം സ്വന്തരക്തത്താൽ വരുത്തിയത് കൊണ്ട് ഇന്നു വീണ്ടും ഒരു പുരോഹിതൻ യാഗവുമായി പ്രവേശിച്ചാൽ അയാൾ അന്യാരാധനയാണ് ചെയ്യുന്നത്. ആ പുരോഹിതൻ അന്യരക്തമാണ് അർപ്പിക്കുന്നത്. അങ്ങനെ കൂടെക്കൂടെ അർപ്പിക്കുവാൻ ആവശ്യമില്ലാത്ത ഒരു യാഗത്തെ കുറിച്ചാണ് ഒമ്പതാം അധ്യായത്തിൽ എബ്രായലേഖനകർത്താവ് നമ്മോട് പറയുന്നത്. •

# ആരും ജയിക്കാത്ത യുദ്ധങ്ങൾ

ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ ഇറാന്റെ അരാക്കിലുള്ള ആണവനിലയത്തിലെ ഘനജല റിയാക്ടർ തകർന്നത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇറാന്റെ ഏറ്റവും വലിയ ആണവ സമ്പുഷ്ടീകരണ കേന്ദ്രമായ നതാൻസിനു നേരെയും ആക്രമണമുണ്ടായി. ആക്രമണങ്ങളിൽ നതാൻസിന് കാര്യമായ കേടുപറ്റിയെന്ന് യുഎൻ ആണവോർജ്ജ ഏജൻസി വെളിപ്പെടുത്തി. ഇതിനിടെ ഇറാനെ ആക്രമിക്കാനുള്ള പദ്ധതിക്ക് യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അംഗീകാരം നൽകിയെന്നും ഇറാന് ആണവപദ്ധതി ഉപേക്ഷിക്കാനുള്ള അവസരമെന്ന നിലയ്ക്കാണ് അന്തിമതീരുമാനം വൈകിപ്പിക്കുന്നതെന്നും യുഎസ് മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തു.

യുദ്ധം എത്രയും വേഗം അവസാനിക്കണം. ഇരുപക്ഷത്തും വേദനിക്കുന്നവർക്കൊപ്പം മനസ്സ് കൊണ്ടെങ്കിലും നിൽക്കാൻ നമുക്ക് സാധിക്കണം. എല്ലാ രാഷ്ട്രീയ ശരികൾക്കുമപ്പുറം മനുഷ്യത്വം ഉൾക്കൊള്ളണം. യുദ്ധക്കെടുതികൾ അനുഭവിക്കുന്നവരോടൊപ്പം നിൽക്കുക. അവരുടെ വേദനകൾ നമ്മുടെ വേദനകളായി കാണണം. നിസ്സഹായതയുടെ, ഒറ്റപ്പെടലിന്റെ ആഴങ്ങളിലേക്ക് മനുഷ്യരെ എടുത്തെറിയുന്ന രോദനങ്ങളാണ് ഓരോ യുദ്ധത്തിലും സംഭവിക്കുന്നത്. ഒരു യുദ്ധം അവസാനിക്കുമ്പോൾ നാം ആഗ്രഹിക്കുന്നത് മറ്റൊരു യുദ്ധം ഉണ്ടാകരുതെന്നാണ്. എല്ലാം നഷ്ടപ്പെട്ട സാധാരണക്കാരുടെ വേദനയും രോദനവുമല്ലാതെ മറ്റൊന്നും യുദ്ധങ്ങൾ നൽകുന്നില്ല. ഭയത്തിന്റെ ഇരുട്ടിലേക്ക് മനുഷ്യ ജീവിതത്തെ തളച്ചിടുന്ന ഈ മഹാപാതകത്തിൽ ആരും വിജയിക്കുന്നില്ല. യുദ്ധത്തിൽ ബാക്കിയാകുന്നതോ, തീവ്രമായ ദുഖവും, വിവരിക്കാനാകാത്ത നഷ്ടങ്ങളും.

ഒളിക്കാൻ പോലും സുരക്ഷിതമായ ഒരിടമില്ലാതെ സാധാരണക്കാർ നെട്ടോട്ടം ഓടുകയാണ്. അത്രമേൽ ഭീകരമാണ് യുദ്ധം. ഒരു രാജ്യത്തെ ജനതയെ ഭയാനകമായ ഒറ്റപ്പെടുത്തലിലും അരക്ഷിതാവസ്ഥയിലും തളച്ചിടുന്നത് മനുഷ്യത്വമുള്ള സമൂഹത്തിനു ഒട്ടും ചേർന്നതല്ല. കുട്ടികൾക്ക് ഭക്ഷണം നൽകാനില്ലാതെ ഹൃദയം തകർന്ന രക്ഷിതാക്കളുടെ നിലവിളിയും, കൺമുന്നിൽ പ്രിയപ്പെട്ടവരെല്ലാം മരിച്ചുവീഴുന്നതും, രക്തത്തിന്റെ മണവും, കരച്ചിലിന്റെ ശബ്ദവും ഓർത്തുനോക്കൂ. ഇതാണ് ഇപ്പോൾ യുദ്ധത്തിൽ ഇരകളായ മനുഷ്യരുടെ ജീവിതം. ഇതിന്റെ പേരിലും തമാശകൾ ഉണ്ടാക്കി രസിക്കുന്നത് മൃഗീയമല്ലേ?

യുദ്ധത്തിന്റെ അനന്തരഫലം നഷ്ടങ്ങളുടെ കൂമ്പാരമാണ്. എപ്പോഴും എവിടെയെങ്കിലും യുദ്ധങ്ങൾ നടന്നു കൊണ്ടേയിരിക്കും. റഷ്യ യുക്രൈൻ യുദ്ധം ഇപ്പോഴും ആശങ്ക വിതച്ചു കൊണ്ട് തുടരുന്നു. ഇപ്പോൾ ഇസ്രയേലും ഇറാനും തമ്മിൽ യുദ്ധം ആരംഭിച്ചിരിക്കുന്നു. ഇതൊരു ലോകമഹായുദ്ധമായി പരിണമിക്കുമോ എന്ന ഭീതിയിലാണ് ലോകരാജ്യങ്ങൾ. യുദ്ധങ്ങൾ ഭക്ഷ്യക്ഷാമവും, സാമ്പത്തിക അരക്ഷിതാവസ്ഥയും, തൊഴിൽനഷ്ടവും, ആണവപ്രസരം നിമിത്തം അംഗവൈകല്യമുള്ള ഒരുപാടു മനുഷ്യരെയും, അസംഖ്യം രോഗികളെയും കനത്ത ആൾനഷ്ടവുമാണ് സൃഷ്ടിക്കുന്നത്. യുദ്ധങ്ങളും ആഭ്യന്തര കലഹങ്ങളും നടക്കുന്ന ഈ ലോകത്ത് സമാധാനം മരീചിക മാത്രമായിരിക്കും.

1975 ൽ കോട്ടയത്ത് നടന്ന ഏഷ്യൻ ക്രിസ്ത്യൻ പീസ് കോൺഫറസിന്റെ സമാപന സമ്മേളനത്തിൽ ജപ്പാനിൽ നിന്നുള്ള പ്രതിനിധി വികാരവിജൃംഭിതനായി പറഞ്ഞ ഒരു അഭ്യർത്ഥന ഉദ്ധരിക്കട്ടെ: 'മേലാൽ ഒരിക്കൽപ്പോലും ഹിരോഷിമയും നാഗസാക്കിയും ആവർത്തിക്കരുതേ'...ഇന്നത്തെ അവസ്ഥ അതിനേക്കാൾ എത്രയോ ഭീകരം. ഈ വാക്കുകൾ ആരെങ്കിലും ചെവിക്കൊള്ളുമോ? അതോ വെറും വനരോദനമായി കലാശിക്കുമോ?

# പ്രാർത്ഥന ആത്മാവിലായിരിക്കട്ടെ!

യേശുക്രിസ്തു ആരാധനയുടെ പൊരുൾ വെളിപ്പെടുത്തി ശമര്യക്കാരി സ്ത്രീയോട് സംസാരിക്കുന്ന വേളയിൽ ഇങ്ങനെ പറഞ്ഞു: 'ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം'(യോഹന്നാൻ 4:24). ആരാധനയുടെ ഭാഗമായ പ്രാർത്ഥനയിൽ സ്തുതി സ്തോത്രവും, യാചനയും, പ്രാർത്ഥനയും പക്ഷവാദവും എല്ലാം ഉൾക്കൊള്ളേണ്ടതാണെന്ന് പൗലോസ് അപ്പോസ്തലനും തിമോഥെയോസിനെ ഓർമിപ്പിച്ചു. പൗലോസ് തന്റെ സഭാദാർശനികലേഖനമായ എഫെസ്യലേഖനം അവസാനിപ്പിക്കുമ്പോൾ പറയുന്നത് ഇപ്രകാരമാണ്: 'സകല പ്രാർത്ഥനയാലും യാചനയാലും ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ'.

മേലുദ്ധരിച്ച വചനങ്ങൾ എല്ലാം ആത്മാവിലുള്ള ആരാധനയേയും ആത്മാവിൽ പ്രാർത്ഥനാനിരതരാകേണ്ടതിന്റെ ആവശ്യകതയെയുമാണ് വ്യക്തമാക്കുന്നത്. പരമപരിശുദ്ധമായ നമ്മുടെ വിശ്വാസജീവിതം പടുത്തുയർത്തുവാൻ പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കണമെന്ന് യൂദാ അപ്പോസ്തലനും ഓർമിപ്പിക്കുന്നത് വളരെ ഗൗരവത്തോടെയാണ്. വാസ്തവത്തിൽ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ പ്രാർത്ഥിക്കുന്നതാണ് ഗൗരവമായ പ്രാർത്ഥന. എന്താണ് ആത്മാവിൽ ഉള്ള പ്രാർത്ഥന? ആത്മമണ്ഡലത്തിൽ ഉള്ള നമ്മുടെ പ്രാർത്ഥന, അന്യഭാഷയിലുള്ള പ്രാർത്ഥന, ആത്മാവിന്റെ ശക്തിയിലും ഊർജ്ജത്തിലും ഉള്ള പ്രാർത്ഥന തുടങ്ങിയവയാണ് ആത്മാവിലുള്ള പ്രാർത്ഥന കൊണ്ട് തിരുവെഴുത്തുകൾ ഉദ്ദേശിക്കുന്നത്. പ്രാർത്ഥനയുടെ ആഴം വെളിപ്പെടുത്തിയ പൗലോസ് പറയുന്നത് ഓരോ സത്യാരാധനക്കാരും ഗൗരവബുദ്ധിയാൽ ഗ്രഹിക്കേണ്ടതുണ്ട് 'അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ? ആത്മാവ്തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു' (റോമർ 8:26). വാസ്തവത്തിൽ ആത്മാവിലുള്ള പ്രാർത്ഥനയാണ് ദൈവഹിതപ്രകാരമുള്ള പ്രാർത്ഥന.

ഉവ്വ്, ആത്മാവിൽ പ്രാർത്ഥിക്കുമ്പോഴാണ് അനുതാപത്തോടും ശുദ്ധീകരണത്തോടും പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയുക. എല്ലാവരും മാനസാന്തരപ്പെടുവാനുള്ള ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കി സകല മനുഷ്യരുടെയും രക്ഷയ്ക്കായി പ്രാർത്ഥിക്കുന്നതും, സ്വാർത്ഥകേന്ദ്രീകൃത ബുദ്ധിയുടെ പ്രാർത്ഥനകൾക്ക് പകരം പ്രാർത്ഥനയുടെ സ്ഥിരത നിലനിൽക്കുന്നതും പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥനയിൽ ആണെന്ന് നാം മറക്കരുത്.

-എംസി


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.07.2025

NERVEEDHI - JULY 2025
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

RP PUBLICATIONS

ആർ.പി
പബ്ലിക്കേഷൻസിൽ നിന്നും




ഇപ്പോൾ ലഭ്യമാണ്

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.